കർമ്മല കുസുമം

# വിശുദ്ധ കുർബാന, ചില വസ്തുതകളും ചിന്തകളും.

ഫാ. ഡോ. സെബാസ്റ്റ്യൻ ആത്തപ്പള്ളി CMI

**1. ഞാൻ "കണ്ട പ്രസംഗം"!**

കത്തോലിക്കാ സഭയുടെ മൂന്നു സവിശേഷ മുഖമുദ്രകളിൽ ആദ്യത്തേതാണല്ലോ പരിശുദ്ധ കുർബാനയിലുള്ള വിശ്വാസവും വിശുദ്ധ കുർബാനയോടുള്ള ഭക്തിയും. പരിശുദ്ധ കന്യകാമാതാവിനോടുള്ള വണക്കവും മാർപാപ്പയോടുള്ള വിധേയത്വവുമാണു മറ്റു രണ്ടു സവിശേഷതകൾ. ഇവയിൽ ആദ്യത്തെ രണ്ടു കാര്യങ്ങൾ ഓർത്തഡോക്സു സഭകളിലും പ്രകടമാണ്. വിശുദ്ധ കുർബാനയെപ്പറ്റി ചിന്തിക്കുമ്പോൾ മൂന്നു "പ്രസംഗ"ങ്ങളാണ് എൻെറ കൺമുമ്പിൽ ഉള്ളത്. ഞാൻ ചെറുപ്പമായിരിക്കുമ്പോൾ "കണ്ട" പ്രസംഗങ്ങൾ! അന്നു ഞാൻ ഹൃദിസ്ഥം (by heart) ആക്കിയ ആ പ്രസംഗങ്ങൾ ഇപ്പോഴും എന്റെ കണ്മുമ്പിൽ ഉണ്ട്. കുട്ടിക്കാലം മുതൽ നേരിൽ കണ്ട പ്രസംഗങ്ങളായിരുന്നു അവ. ഇപ്പോഴും അവ മായാതെ, മറക്കാതെ നിൽക്കുന്നു. കാണുന്ന പ്രസംഗങ്ങൾക്കാണു കേൾക്കുന്ന പ്രസംഗങ്ങളേക്കാൾ കൂടുതൽ ശക്തി. കണ്ണീരോടെ, ഭക്തി നിർഭരമായി കുർബാനയർപ്പിച്ചിരുന്ന രണ്ടു വൈദികരും, ഭക്തിപൂർവ്വം, ഏറെ സന്തോഷത്തോടെ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ചിരുന്ന എന്റെ പ്രിയ അപ്പച്ചനുമായിരുന്നു ആ "പ്രസംഗ"ങ്ങൾ നടത്തിയവർ. അതു മായാതെ, മറയാതെ, എന്റെ ഹൃദയത്തിൽ ഇപ്പോഴും സജീവമായി നിലകൊള്ളുന്നു.

**2. ദൈവം നമ്മോടു കൂടെ.**

നമുക്കുവേണ്ടി (for us) മാത്രമല്ലാതെ, നമ്മോടുകൂടെ (with us) യുമാകാൻ ദൈവം ആഗ്രഹിച്ചു, തീരുമാനിച്ചു. അതിനാൽ അവിടുന്നു മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചു (യോഹ. 1:14). അവിടുന്ന് അങ്ങനെ "ഇമ്മാനുവേൽ" (മത്താ. 1:23), അഥവാ, "ദൈവം നമ്മോടുകൂടെ" ആയിത്തീർന്നു. മാതാപിതാക്കന്മാർ മക്കൾക്കു വേണ്ടി പണി ചെയ്ത്, പണം സമ്പാദിക്കുന്നു എന്നുള്ളതു വലിയ കാര്യമാണെങ്കിലും അവരോടൊപ്പം ഉണ്ടായിരിക്കുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഭാര്യാഭർത്താക്കന്മാരെ സംബന്ധിച്ചും ഇതു ശരിയാണ്. സാന്നിദ്ധ്യമില്ലാതെ പണം മാത്രം കൊടുത്തതു കൊണ്ടു സന്തോഷവും സംതൃപ്തിയും ഉണ്ടാകുകയില്ല. സാന്നിദ്ധ്യത്തിന്റെ സന്തോഷം ഒന്നു വേറെ തന്നെയാണ്. സാന്നിദ്ധ്യമില്ലാത്ത സ്നേഹത്തിനു സാരമായ കുറവുണ്ട്, അല്ലെങ്കിൽ ഉണ്ടാകും.

മൂന്നു വിധത്തിലാണല്ലോ നമ്മൾ പരസ്പരം ബന്ധപ്പെടാറുള്ളത്. വാക്കു വഴി, പ്രവൃത്തി വഴി, സാന്നിദ്ധ്യം വഴി. നമ്മുടെ വിലയേറിയ സമയം നൽകിക്കൊണ്ട് സാന്നിദ്ധ്യം സമ്മാനിക്കുന്നതിന്റെ വില പലപ്പോഴും നമ്മൾ മനസ്സിലാക്കാറില്ല. വീണ്ടും ലഭിക്കാത്തവിധം കുറഞ്ഞു പോകുന്നതാണു സമയം. പോയ പണം വീണ്ടും സമ്പാദിക്കാൻ കഴിയും. പക്ഷേ, സമയം അങ്ങനെയല്ല. ഇക്കാരണത്താൽ സമയത്തിന്റെ വില അനന്യമാണ്. സാന്നിദ്ധ്യവും സമയവും അഭേദ്യമായി ബന്ധപ്പെട്ടതാണല്ലൊ. അവയുടെ മൂല്യവും വളരെ ശ്രേഷ്ഠമാണ്. രോഗികളെയും, പ്രായം ചെന്നവരെയും, മരണാസന്നരെയും സന്ദർശിച്ചിട്ടുള്ളവർക്കും അങ്ങനെയുള്ള സാഹചര്യങ്ങളിലൂടെ സ്വയം കടന്നുപോയിട്ടുള്ളവർക്കും സാന്നിദ്ധ്യത്തിന്റെ മേന്മയും പ്രാധാന്യവും നന്നായി, എളുപ്പം മനസ്സിലാകും. വാക്കും


www.malankaralibrary.com

പ്രവൃത്തിയും വഴി ഒന്നും തന്നെ ചെയ്യാൻ സാധിക്കാത്ത ആ അവസരങ്ങളിൽ സാന്നിദ്ധ്യത്തിന്റെ ശക്തിയും മൂല്യവും അത്യാവശ്യവും വേഗം മനസ്സിലാകും. മരണാസന്നനായിരിക്കുന്ന ഒരാളുടെ അരികെ മൗനമായിട്ടു കൈപിടിച്ചിരിക്കുമ്പോൾ വലിയ താങ്ങും ആശ്വാസവുമാണു നല്കുന്നത്. സന്തോഷത്തിന്റെ അവസരങ്ങളിലും ഇതു പ്രസക്തമാണ്. നമ്മോടുള്ള ബന്ധത്തിൽ ദൈവം മുമ്പു സൂചിപ്പിച്ച മൂന്നു തരം മാർഗ്ഗങ്ങളും ഉപയോഗിച്ചതായി നമുക്കു കാണാം. അവിടുന്നു പ്രവാചകന്മാർ വഴി സംസാരിച്ചു; ചരിത്രത്തിൽ പ്രവർത്തിച്ചു; കൂടാരവും ദേവാലയവും മുഖേന ജനങ്ങൾക്കു തന്റെ സാന്നിദ്ധ്യം നല്കി.

**3. "സക്രാരി" ചെയ്യുന്ന (ആകുന്ന) ദൈവം**

ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായിരുന്നു കൂടാരം. പുറപ്പാടിന്റെ പുസ്തകത്തിൽ ദൈവം മോശയോടരുളിച്ചെയ്യുന്നു: "ഞാൻ അവരുടെയിടയിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധ കൂടാരം സജ്ജമാക്കണം"(പുറപ്പാട് 25:8). സമാഗമ കൂടാരം, സാക്ഷ്യ പേടകം, അതിൻമേലുള്ള കൃപാസനം, ദേവാലയം എന്നിവയെല്ലാം ആ ദൈവസാന്നിദ്ധ്യത്തെ **(shekhina)** വിളിച്ചറിയിച്ചിരുന്നു. അതിന്റെ പ്രതീകങ്ങളായി അവ മാറി. ദൈവം നമ്മുടെയിടയിൽ കൂടാരമടിച്ചു താമസിച്ചതിന്റെ പാരമ്യമാണു ദൈവവചനത്തിന്റെ മനുഷ്യാവതാരം. "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (യോഹ. 1:14). ഗ്രീക്കു ഭാഷയിൽ **eskenosen** എന്ന പദമാണവിടെ മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. കൂടാരം എന്നർത്ഥമുള്ള **miskan** എന്ന ഹീബ്രുപദത്തിൽ നിന്നുണ്ടാക്കിയ **Skene** എന്ന ഗ്രീക്കു പദത്തിന്റെ ക്രിയാ രൂപമാണ് **eskenosen.** അതിന്റെ അർത്ഥം കൂടാരമടിച്ചു എന്നാണ്. ഇംഗ്ലീഷിൽ അതിനു **tabernacled** അഥവാ **pitched his tent** എന്നു പറയുന്നു. കൂടാരം എന്നാണു **tabernacle** എന്ന പദത്തിന്റെ അർത്ഥം. **Tabernacle** നെ മലയാളത്തിൽ സക്രാരി എന്നു വിളിക്കാറുണ്ട്. **Sacra ara** (പരിശുദ്ധ പീഠം, സ്ഥലം) എന്ന ലത്തീൻ പദങ്ങളിൽ നിന്നു പോർച്ചുഗീസു ഭാഷയിൽ ഉണ്ടായ **sacrario** എന്ന വാക്കിന്റെ മലയാള രൂപമാകാം സക്രാരിയെന്ന പദം. ദൈവസാന്നിദ്ധ്യത്തിന്റെ പരിശുദ്ധ കൂടാരമാണു സക്രാരി. ആ അർത്ഥത്തിൽ മനുഷ്യാവതാരം വഴി ദൈവം നമ്മുടെയിടയിൽ, നമ്മോടുകൂടെ സക്രാരി ചെയ്തു, സക്രാരി ആയി എന്നു പറയാം. മനുഷ്യനായവതരിച്ച ദൈവവചനമായ ഈശോയാണു ദൈവത്തിന്റെ യഥാർത്ഥ കൂടാരവും സക്രാരിയും ആലയവും. തന്റെ ശരീരമായ ദേവാലയത്തെപ്പറ്റി ഈശോ പറഞ്ഞതായി നാം വായിക്കുന്നുണ്ട്. (യോഹ. 2:21). താനാണു ജറൂസലേം ദേവാലയത്തെക്കാൾ കൂടുതൽ ശ്രേഷ്ഠമായ ദേവാലയമെന്നും ഈശോ മറ്റൊരിടത്തു സൂചിപ്പിക്കുന്നുമുണ്ട് (മത്താ. 12:6). മനുഷ്യനായവതരിച്ചതിനാൽ ഈശോ ദൈവത്തിന്റെ ആദ്യന്തികവും പരമവുമായ കൂദാശയായിത്തീർന്നു, **the primordial Sacrament of God.** "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" വെന്നു ഈശോ പറയുന്നതിന്റെ (യോഹ. 14:6) പൊരുളും അതു തന്നെയാണ്. "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപ" മാണെന്നും (കൊളോ. 1:15) "ദൈവത്തിന്റെ പൂർണ്ണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു" (കൊളോ. 2:9) എന്നും വി. പൗലോസു സാക്ഷിക്കുന്നു. ബെൽജിയൻ ദൈവശാസ്ത്രജ്ഞൻ **Edward Schillebeeckx** ന്റെ ഒരു ഗ്രന്ഥത്തിന്റെ പേരു **Christ, the Sacrament of the Encounter with God (1963)** എന്നാണ്. ഈ അർത്ഥത്തിൽ ത്തന്നെ **Karl**


www.malankaralibrary.com

**Rahner** ഈശോയെ **the realsymbol of God** എന്നു വിശേഷിപ്പിക്കുന്നു. നമ്മോടുകൂടെ സക്രാരി ചെയ്യുവാൻ, താമസിക്കുവാൻ, ഇഷ്ടപ്പെടുന്ന ദൈവമാണു നമ്മുടെ ദൈവം. ഏശയ്യാ പ്രവാചകൻ വഴി അവിടുന്നരുളിച്ചെയ്തു: "ഞാൻ ഉന്നതമായ വിശുദ്ധസ്ഥലത്തു വസിക്കുന്നു. അനുതാപികളുടെ ഹൃദയത്തെയും വിനീതരുടെ ആത്മാവിനെയും നവീകരിക്കാൻ ഞാൻ അവരോടുകൂടെ വസിക്കുന്നു (ഏശയ്യാ **57:15).**
സമറിയാക്കാരിയുടെ സാക്ഷ്യം മൂലം ഈശോയിൽ വിശ്വസിച്ച സമറിയാക്കാർ അവന്റെ അടുത്തുവന്നു "തങ്ങളോടൊത്തു വസിക്കണമെന്ന്" അവനോടപേക്ഷിക്കുകയും "അവൻ രണ്ടു ദിവസം അവിടെ താമസിക്കുകയും ചെയ്തു" (യോഹ. **4:40**) എന്നും നാം വായിക്കുന്നു. എമ്മാവൂസിലെ ശിഷ്യന്മാർ ഉത്ഥിതനായ ഈശോയോടപേക്ഷിച്ചു: "ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു; പകൽ അസ്തമിക്കാറായി". അവരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ടു് "അവൻ അവരോടുകൂടെ താമസിക്കുവാൻ കയറി" (ലൂക്കാ **24:29).** യോഹന്നാന്റെ സുവിശേഷത്തിൽ നാം വീണ്ടും വായിക്കുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ. **14:23).** "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. **28:20**) എന്നു കർത്താവു വാഗ്ദാനം ചെയ്തു. ആ വാഗ്ദാനം നിറവേറ്റിക്കൊണ്ടു നമ്മോടൊത്തു വസിക്കാൻ അവിടുന്നു വി. കുർബാന സ്ഥാപിച്ചു! തന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയും അതിന്റെ മറ്റൊരു രൂപഭാവവുമാണു വി. കുർബാന. പ്രസിദ്ധ ധ്യാനഗുരു ബ. ദാനിയേൽ പൂവണ്ണത്തിലച്ചന്റെ ഭാഷയിൽ, പിതാവിന്റെ സമീപം ആയിരിക്കുകയും അതേ സമയം തന്നെ തന്റെ പ്രിയ ശിഷ്യന്മാരുടെയും ജനത്തിന്റെയും കൂടെ സന്നിഹിതനാകുവാൻ കർത്താവു കണ്ടു പിടിച്ച പോംവഴിയാണു വി. കുർബാന!
പഴയ നിയമത്തിൽ പ്രതിപാദിക്കുന്ന മന്നായും (പുറ.**16**) തിരുസാന്നിദ്ധ്യത്തിന്റെ അപ്പവും (പുറ. **25:30**) വി. കുർബാനയുടെ പ്രതീകങ്ങൾ അഥവാ മാതൃകകളായിരുന്നു. സീറോ-മലബാർ കുർബാനക്രമത്തിൽ "അങ്ങു നല്കിയ മാതൃക" എന്നു നാലാം പ്രണാമ ജപത്തിൽ പറയുന്നതു് ഈ **type** നെ അഥവാ മാതൃകയെക്കൂടി ഉദ്ദേശിച്ചാണെന്നു ന്യായമായും കരുതാം. സുറിയാനി മൂലത്തിൽ "ഥുപ്സാ" എന്നാണുപയോഗിച്ചിരിക്കുന്നത്. ആ വാക്കിന്റെ അർത്ഥം ഗ്രീക്കിൽ **typos** എന്നും ഇംഗ്ലീഷിൽ **type** അഥവാ **example** എന്നുമാണ്. ഈശോയെപ്പറ്റി പ്രതിപാദിക്കുന്നിടത്തൊക്കെ തക്സായിൽ "നീ" എന്നുപയോഗിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, "അങ്ങ്" എന്നെഴുതിയിരിക്കുന്നതു പിതാവായ ദൈവത്തെ അല്ലെങ്കിൽ ത്രിയേക ദൈവത്തെ ഉദ്ദേശിച്ചാണെന്നു വ്യാഖ്യാനിക്കുമ്പോൾ പഴയ നിയമത്തിലെ പ്രതീകത്തിലേക്കും **(example),** "പരമ്പരാഗതമായി സ്വീകരിച്ച മാതൃക" എന്ന വിവക്ഷയനുസരിച്ച് അതു കർത്താവീശോമിശിഹാ നൽകിയ അന്ത്യ അത്താഴ മാതൃകയിലേക്കും വിരൽ ചൂണ്ടുന്നു. ഒരു വ്യാഖ്യാനം മറ്റൊരു വ്യാഖ്യാനത്തിനെതിരെ തള്ളിക്കളയാതെ രണ്ടും ഉൾക്കൊള്ളുന്നതായിരിക്കും അഭികാമ്യം.

### 4. വിശുദ്ധ കുർബാന, സ്നേഹത്തിന്റെ കൂദാശ.

സ്നേഹത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയും ഈശോയുടെ തിരുഹൃദയത്തിരുനാളും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സ്നേഹമാണു രണ്ടിന്റെയും കാതലും ഉള്ളടക്കവും.


www.malankaralibrary.com

കർത്താവിന്റെ കുത്തിത്തുറക്കപ്പെട്ട ഹൃദയത്തിൽ നിന്നു രക്തവും വെള്ളവും പുറപ്പെട്ടുവെന്നു നാം വായിക്കുന്നു (യോഹ. 19:35). അവ വിശുദ്ധ കുർബാനയുടെയും മാമോദീസായുടെയും പ്രതീകങ്ങൾ ആയിരുന്നു. ചില സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ തിരുസ്സഭയുടെ തന്നെയും അതിലെ കൂദാശകളുടെയും സ്രോതസ്സ് പിളർക്കപ്പെട്ട ആ തിരുഹൃദയമാണ്. ആദത്തിന്റെ വാരിയെല്ലിൽ നിന്നും ഹവ്വാക്കു ദൈവം രൂപം നൽകിയതു പോലെ (ഉൽപത്തി 2:22) ഈശോയുടെ കുത്തിത്തുറക്കപ്പെട്ട പാർശ്വത്തിൽ നിന്നും തിരുസ്സഭയ്ക്കും രൂപം കൊടുത്തു. **Karl Rahner** ഈ വിഷയത്തെ ആസ്പദമാക്കി **E latere Christi** ... (മിശിഹായുടെ പാർശ്വത്തിൽ നിന്ന് ...) എന്നപേരിൽ ഒരു ഗവേഷണഗ്രന്ഥം രചിച്ചിട്ടുണ്ട്. സ്നേഹമുള്ളവർക്കേ കൂടെയിരിക്കാൻ ആഗ്രഹമുണ്ടാകൂ എന്നു നമുക്കറിയാം. സ്നേഹമുള്ളിടത്ത് ആ അഭിലാഷം തീ വ്രമായുണ്ടാകുകയും ചെയ്യും. പ്രയാസങ്ങളുടെ നടുവിൽ സ്നേഹിതരുടെ സാന്നിദ്ധ്യം പറയാനാവാത്ത ബലവും പ്രചോദനവും പ്രോത്സാഹനവും നല്കുന്നു. അതു കൊണ്ടുതന്നെയാണല്ലോ, കർത്താവു തന്റെ പീഡാനുഭവത്തിനു മുമ്പായി തന്റെ മൂന്ന് അരുമശിഷ്യന്മാരെ (പത്രോസ്, യാക്കോബ്, യോഹന്നാൻ, ) കുറച്ചുനേരം തന്നോടുകൂടെയായിരിക്കാൻ കൂട്ടിക്കൊണ്ടുപോയത് (മർക്കോ. 14:32-33). അവർ അവിടെ ഒന്നും ചെയ്യേണ്ടിയിരുന്നില്ല. തന്നോടൊത്ത് ഉണർന്നിരുന്നാൽ മാത്രം മതിയായിരുന്നു. അതുപോലെത്തന്നെ, നമ്മുടെ വിഷമസന്ധികളിൽ നമ്മെ ധൈര്യപ്പെടുത്താനും ശക്തിപ്പെടുത്താനും ആശ്വസിപ്പിക്കാനും കർത്താവ് സക്രാരിയിൽ നമ്മെ നോക്കി കാത്തിരിപ്പുണ്ട്. തന്നോടൊത്തു കുറച്ചു നേരമെങ്കിലും ചെലവഴിക്കാൻ നിനക്കു സമയമില്ലേയെന്നു കർത്താവു നമ്മോടും ചോദിക്കുന്നുണ്ടാകാം. സക്രാരിയുടെ മുമ്പിലുള്ള നമ്മുടെ സ്നേഹ സാന്നിദ്ധ്യം വളരെ ശ്രേഷ്ഠമാണ്; നമുക്കത് അനുഗ്രഹസ്രോതസ്സുമാണ്.

വിശുദ്ധ കുർബാനയെന്ന കൂദാശ മററു കൂദാശകളേക്കാൾ ശ്രേഷ്ഠമാകാനുള്ള കാരണം അതിൽ കർത്താവിന്റെ പരിപൂർണ്ണ സാന്നിദ്ധ്യമുണ്ടെന്നുള്ളതാണ്. വിശുദ്ധ കുർബാനയിൽ ഈശോമിശിഹാ തന്റെ ദൈവത്വത്തോടും മനുഷ്യത്വത്തോടും, ആത്മാവോടും, ശരീരത്തോടും, യഥാർത്ഥത്തിലും സത്യമായും സത്താപരമായും **(substantially)** സന്നിഹിതനാണ്. അതുകൊണ്ടാണു വിശുദ്ധ കുർബാനയെ കൂദാശകളുടെ കൂദാശയായി വിശേഷിപ്പിക്കുന്നതും. മറ്റു കൂദാശകളിൽ അവിടുന്ന് അരൂപിക്കനുസൃതമായി **(spiritually)** സന്നിഹിതനാകുമ്പോൾ വിശുദ്ധ കുർബാനയിൽ അവിടുന്നു ഭൗതികമായും **(physically)** സന്നിഹിതനാണ്. സക്രാരിയിൽ സജീവനായെഴുന്നെള്ളിയിരിക്കുന്ന ദിവ്യകാരുണ്യനാഥനെ വ്യക്തിപരമായിട്ടു നമുക്കനുഭവിക്കാനും അവിടുന്നുമായി സംഭാഷണം നടത്താനും കഴിയും. വിശുദ്ധാത്മാക്കൾ ശക്തിയും ധൈര്യവും ആദ്ധ്യാത്മിക ഊർജ്ജവും ഉന്മേഷവും നുകർന്നതു ദിവ്യകാരുണ്യ സന്നിധിയിൽ നിന്നായിരുന്നു. തീക്കനലിന്റെ അടുത്തിരുന്ന് ചൂടു പ്രാപിക്കുന്നതുപോലെയാണതു്. കൽക്കട്ടായിലെ വിശുദ്ധ മദർ തെരേസ എത്ര വലിയ ജോലിത്തിരക്കുള്ളപ്പോഴാണെങ്കിലും ഒരു മണിക്കൂർ സക്രാരിയുടെ, ദിവ്യകാരുണ്യ നാഥന്റെ, സന്നിധിയിൽ ആയിരിക്കാൻ ശ്രദ്ധിച്ചിരുന്നു. വിശുദ്ധ ചാവറ കുരിയാക്കോസച്ചന്റെ ജീവിതവും അങ്ങനെയായിരുന്നു. വലിയ ആഴ്ചയിൽ കർത്താവിന്റെ പീഡാനുഭവങ്ങളുടെ അനുസ്മരണത്തിന്റെ പശ്ചാത്തലത്തിൽ, പെസഹാ വ്യാഴാഴ്ച നമ്മൾ വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെ ആചരിക്കുന്നുണ്ടെങ്കിലും വിശുദ്ധ കുർബാനയുടെ



www.malankaralibrary.com

തിരുനാളിൽ ഈ മഹാരഹസ്യം നമ്മൾ പ്രത്യേക വിധം ആഘോഷിക്കുന്നു. വിശുദ്ധ കുർബാനയിലുള്ള കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള ബോദ്ധ്യം ആഴപ്പെടുത്തുകയും ക്രൈസ്തവ പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തെപ്പറ്റി കൂടുതൽ അവബോധമുണ്ടാക്കുകയും ചെയ്യുകയെന്നതാണിതിന്റെ ഒരു പ്രധാന ലക്ഷ്യം.

**5. വിശുദ്ധ കുർബാനയെന്ന ബലി.**

വി. കുർബാന യഥാർത്ഥത്തിൽ ഒരു ബലിയാണ്, വിരുന്നു മാത്രമല്ല; പൂജയുമല്ല. വിശുദ്ധ കുർബാന ഒരു യാഗം അഥവാ യജ്ഞമാണ് (sacrifice). പൂജ ചെയ്യുകയെന്നതിന്റെ അർത്ഥം പൂക്കൾ വച്ചു ജപിക്കുകയെന്നാണ്. ഹൈന്ദവ ക്ഷേത്രങ്ങളിലും അമ്പലങ്ങളിലും പൂജ നടക്കാറുണ്ട്. അവിടെ പൂജാരികളുമുണ്ട്. ഹൈന്ദവ സഹോദരങ്ങളുടെ ഭവനങ്ങളിൽ പൂജാമുറികളുമുണ്ട്. പക്ഷേ, കത്തോലിക്കാ പുരോഹിതന്മാർ അർപ്പിക്കുന്നതു പൂജയല്ല, ദിവ്യബലിയാണ്. അവർ പൂജാരികളല്ല, മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കു പറ്റുന്ന പുരോഹിതരാണ്. ശ്രേഷ്ഠപുരോഹിതനായ ഈശോയോടു (ഹെബ്രാ. 5:5) ചേർന്നുള്ള ബലിയർപ്പകരാണവർ. ഗാഗുൽത്തായിൽ ഉയർത്തപ്പെട്ട കുരിശിൽ ഈശോ സ്വയം ബലി അർപ്പിച്ചു (ഹെബ്രാ 9:14); തന്നെത്തന്നെ പിതാവിനർപ്പിച്ചു. കുർബാന എന്ന വാക്കിന്റെ അർത്ഥം ബലി എന്നാണ്. പിന്നെ എങ്ങനെയാണതു വിരുന്നു മാത്രമായി മാറുന്നത്? മരം എന്നെഴുതിയിട്ട്, അതിന്റെ അർത്ഥം പഴം എന്നാണെന്ന് ആരെങ്കിലും പറയുമോ? കാഴ്ച വസ്തുക്കളുടെ സമർപ്പണം നടത്തുമ്പോൾ കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനയിൽ വളരെ വ്യക്തമായി അപേക്ഷിക്കുന്നതു തന്നെത്തന്നെ ബലിയർപ്പിച്ച മിശിഹാ ഈ ബലി നമ്മുടെ കരങ്ങളിൽ നിന്നു സ്വീകരിക്കുമാറാകട്ടെ എന്നാണ്. മാത്രമല്ല, വിശുദ്ധ കുർബാനവേളയിൽ വിരുന്നിനെപ്പറ്റിയുള്ള പരാമർശങ്ങളേക്കാൾ ബലിയെപ്പറ്റിയുള്ള സൂചനകളാണു കൂടുതലുള്ളത്. ആരംഭത്തിലും ഇടയ്ക്കും അവസാനത്തിലും നാം കാണുന്നതു ബലിയെപ്പറ്റിത്തന്നെയാണ്. അനാഫൊറാ പ്രാർത്ഥനകളിൽ ഇതു വളരെ വ്യക്തമായി കാണാൻ കഴിയും. വിശുദ്ധ കുർബാനയെ പ്രഥമവും പ്രധാനവുമായി വിരുന്നായി കാണുന്ന ക്രൈസ്തവ വിഭാഗങ്ങൾ ഉണ്ട്. ചിലർ അതു മാത്രമായും കാണുന്നു. പക്ഷേ, അതു കത്തോലിക്കാ വിശ്വാസമല്ല, കത്തോലിക്കാ ദൈവശാസ്ത്രമല്ല, പഠനവുമല്ല. വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ മിശിഹായുടെ ബലിയുടെ വെറുമൊരു ഓർമ്മയോ, എന്നാൽ അതിന്റെ ആവർത്തനമോ അല്ല എന്നും അറിഞ്ഞിരിക്കണം. മറിച്ച്, വർത്തമാനകാലത്തിൽ നടക്കുന്ന പുനരാവിഷ്ക്കരണമാണ്. ദേവാലയത്തിലെ അൾത്താരയിൽ, ഉയർത്തപ്പെട്ട (alta) പീഠത്തിൽ (ara) ഗാഗുൽത്തായിൽ നടന്ന തിരുബലി വർത്തമാനകാലത്തിലേക്കു കൊണ്ടുവരപ്പെടുകയാണ്, ആവിഷ്ക്കരിപ്പെടുകയാണ്; അഥവാ, അന്നു നടന്ന ബലിയിലേക്കു നമ്മൾ ആനയിക്കപ്പെടുകയാണ്. ഇവിടെ നടക്കുന്നതു് പ്രത്യേക വിധത്തിലുള്ള re-presentation ആണ്, making it present to us or making us present to it. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പഠിപ്പിക്കുന്നു: "The Holy Eucharistic celebration makes present the sacrifice of the cross; it does not add to that sacrifice nor does it multiply it, what is repeated is its memorial celebration, its commemorative representation which makes Christ's one, definitive redemptive sacrifice always present in time" (Ecclesia de Eucharistia, 12). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണിതു



www.malankaralibrary.com

സംഭവിക്കുന്നത്. ഭൂതം, ഭാവി, വർത്തമാനം, എന്ന മൂന്നു കാലങ്ങളെയും ലോകത്തിലെ എല്ലാ സ്ഥലങ്ങളെയും വ്യക്തികളെയും കൂട്ടിയിണക്കുന്ന മഹാകണ്ണിയും പാലനിർമാണകനുമാണു (Pontifex Maximus) ദൈവത്തിന്റെ പരിശുദ്ധാത്മാവ്. സ്ഥലകാലങ്ങളെയും വ്യക്തികളെയും യോജിപ്പിക്കുന്ന ദിവ്യശക്തിയും വ്യക്തിയുമാണ വിടുന്ന്. ആ പരിശുദ്ധാത്മാവാണു ഗാഗുൽത്തായിൽ ഉദ്ദേശം രണ്ടായിരം കൊല്ലം മുമ്പു നടന്ന ദിവ്യ ബലി ഇവിടെ, കൂദാശപരമായി വർത്തമാനകാലത്തിലേക്കു കൊണ്ടുവരുന്നത്. ഈ രഹസ്യാത്മിക സമകാലീനതയിൽ ("mysterious contemporaneity") നമ്മൾ ദിവ്യബലിയിൽ പങ്കെടുക്കുന്നു.

**6. നമ്മൾ "അൾത്താര"കൾ ആകണം.**

മുകളിൽ സൂചിപ്പിച്ചതുപോലെ, അൾത്താരയിൽ, അതായത്, ഉയർന്ന ഉയർത്തപ്പെട്ട (alta) പീഠത്തിൽ (ara) നാം ബലിയർപ്പിക്കുമ്പോൾ ഉയർന്ന മനസ്സും ഹൃദയവും നമുക്കുണ്ടാകണം; അല്ലെങ്കിൽ ഉണ്ടാക്കണം. സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു: "കർത്താവേ, ഞാൻ അങ്ങയിലേക്ക് എന്റെ മനസ്സിനെ ഉയർത്തുന്നു" (സങ്കീ. 86:4). "നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്കുയരട്ടെ" (sursum corda = ഹൃദയങ്ങൾ മുകളിലേക്കുയർത്തുവിൻ) എന്നു കാർമ്മികൻ വിശുദ്ധ കുർബാനയുടെ അവസരത്തിൽ പറയുമ്പോൾ "അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ സന്നിധിയിലേക്ക്" എന്നു സമൂഹം മറുപടി നൽകുന്നു. നമ്മുടെ മനസ്സുകൾ, ചിന്തകൾ, ഹൃദയങ്ങൾ, അങ്ങനെ ദൈവസന്നിധിയിലേക്കുയർത്തപ്പെട്ട അൾത്താരകളായി മാറണം, നമ്മൾ മാറ്റണം. അത്തരം "അൾത്താര"യില്ലാതെ നമ്മൾ ദിവ്യബലി അർപ്പിക്കുന്നതു പൊള്ളയായ അനുഷ്ഠാനവും അർത്ഥശൂന്യമായ ചടങ്ങുമായി പരിണമിക്കും. ദൈവത്തിങ്കലേക്കുള്ള ആ ഉയർത്തലിൽ ഒരു താഴ്ത്തലുമുണ്ട്. ദൈവത്തിലേക്കുയരുന്നതനുസരിച്ചു സഹസൃഷ്ടങ്ങളിലേക്ക്, അതായതു, മറ്റു മനുഷ്യരിലേക്കും ലോകത്തിലേക്കു പൊതുവെയും നമ്മൾ താഴണം, ഇറങ്ങിച്ചെല്ലണം, തിരിയണം, അഥവാ, നമ്മുടെ മനസ്സിനെ ഇറക്കണം. Alt എന്ന ലാറ്റിൻ പദത്തിന് ഉയർന്ന (high) എന്നും താഴ്ന്ന (deep) എന്നും അർത്ഥമുണ്ട്! ലൂക്കാ 5:4 ൽ നമ്മൾ വായിക്കുന്നു: "ആഴത്തിലേക്കു നീക്കി, മീൻ പിടിക്കാൻ വലയിറക്കുക". ലത്തീൻ ഭാഷയിൽ "duc in altum" എന്നാണവിടെ ഉപയോഗിച്ചിരിക്കുന്നത്. താഴേക്കുള്ള നമ്മുടെ പ്രയാണത്തിൽ, എളിമയിൽ, കർത്താവിന്റെ സ്വയം ശൂന്യവത്ക്കരണവും (kenosis) ശുശ്രൂഷാമനോഭാവവും (ഫിലിപ്പി. 2:7) നമ്മൾ അനുകരിക്കുന്നു. മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും തിരിയാനുള്ള ആഹ്വാനം ഇതിലുണ്ട്. കുരിശ് എല്ലാ ദിശകളിലേക്കും ചൂണ്ടുന്നതുപോലെ. കുർബാനയുടെ ആരംഭത്തിലും ഇടയ്ക്കും പരസ്പര സ്നേഹത്തെയും ക്ഷമയെയും അനുരഞ്ജനത്തെയും പറ്റി ഓർപ്പിക്കുന്നതു് അതുകൊണ്ടാണ്. ഉയർന്ന വിചാരങ്ങളോടെ നാംതന്നെ അൾത്താരയായി മാറുമ്പോൾ താഴ്ന്ന മനസ്സോടെ, എളിമയോടെ, സേവനസന്നദ്ധമായി, സ്നേഹപൂർവ്വം മററുള്ളവരോടു പെരുമാറുവാൻ തയ്യാറാകുമെന്നർത്ഥം. സഹോദരനുമായി രമ്യപ്പെടാതെ ബലിയർപ്പിക്കാൻ വരരുതെന്നു കർത്താവു വ്യക്തമായി പഠിപ്പിക്കുന്നു (മത്താ. 5:23). അവിടുത്തെ ജീവിത മാതൃകയും അതായിരുന്നു. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനും സ്നേഹത്തിന്റെ പുതിയ കല്പന നൽകിയതിനും ശേഷമാണല്ലോ, കർത്താവു തന്റെ


www.malankaralibrary.com

ബലിയർപ്പണത്തിനു പോയത്! താൻ വന്നിരിക്കുന്നതു ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നൽകാനും ആണെന്നവിടുന്നരുളിച്ചെയ്തു (മർക്കോ. 10:45; cf. ലൂക്കാ 22:26-27). ശ്രേഷ്ഠപുരോഹിതനായ ഈശോയുടെ ബലിയർപ്പണത്തിന്റെ ശുശ്രൂഷാസ്വഭാവം ദൃശ്യമായി പ്രകടിപ്പിക്കുന്ന സംഭവമാണു ശിഷ്യന്മാരുടെ കാലുകഴുകൽ. നിത്യപുരോഹിതനായി സ്വയം ബലിയർപ്പിക്കുന്നതിനു മുമ്പായി നടത്തിയ **diaconate ministry** ആയിരുന്നു ആ കാലുകഴുകൽ. കാണാവുന്നതാണ്. തിരുപ്പട്ട സ്വീകരണത്തിനു മുമ്പ് ഈശോ ചെയ്ത **"deacon ministry"!** അതുവഴി കർത്താവു കാണിച്ചുതരുന്നതു തന്റെ പൗരോഹിത്യവും ശുശ്രൂഷാദൗത്യവും അഭേദ്യമായി ബന്ധപ്പെട്ടതാണെന്നും ശുശ്രൂഷയുടെ പൂർണ ഭാവം അനേകർക്കുവേണ്ടി മോചനദ്രവ്യമായി വിഭജിക്കപ്പെടുകയും രക്തം ചൊരിയുകയുമാണെന്നാണ്. ശുശ്രൂഷിക്കാൻ എന്നു പറഞ്ഞയുടനെത്തന്നെ ശുശ്രൂഷയാണെന്നാണ്. താൻ വന്നിരിക്കുന്നതു ശുശ്രൂഷ ചെയ്യാനും തന്റെ ജീവൻ അനേകരുടെ മോചനദ്രവ്യമായി നൽകാനുമാണെന്നു കർത്താവു പറഞ്ഞിരുന്നു (മർക്കോ. 10:45). കാലുകഴുകുകയെന്നതു തന്റെ ശുശ്രൂഷാ ദൗത്യത്തിന്റെ ബാഹ്യ പ്രതീകം മാത്രമായിരുന്നു. മുകളിൽ സൂചിപ്പിച്ച ആ ശുശ്രൂഷയുടെ ആത്യന്തികസാരം "സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി" നൽകുകയെന്നതാണ്. ഈശോ തന്റെ ഡീക്കൻ പദവി പൂർത്തിയാക്കുന്നത്, കുരിശിലെ ബലിയിലാണ്, തന്റെ പൗരോഹിത്യത്തിന്റെ സാക്ഷാത്കാരത്തിൽത്തന്നെ. പൗരോഹിത്യ തിരുപ്പട്ടം സ്വീകരിക്കുന്നതിനു മുമ്പായി വൈദികാർത്ഥികൾ ഡീക്കൻപട്ടം സ്വീകരിക്കുന്നതു ബലിയർപ്പണ ശുശ്രൂഷ മുന്നിൽ കണ്ടുകൊണ്ടാകണം. കാനൻ നിയമം അനുശാസിക്കുന്നതുകൊണ്ടു മാത്രമല്ല; അതിന്റെ പുറകിൽ ആദ്ധ്യാത്മികമായ, മിശിഹാനുബന്ധമായൊരു വലിയ മൂല്യമുണ്ട്. എളിമയും, സേവനസന്നദ്ധതയും ശുശ്രൂഷാ മനോഭാവവുമെല്ലാം ക്രൈസ്തവ പൗരോഹിത്യത്തിന്റെ കാതലായ ഘടകങ്ങളും വ്യവസ്ഥകളുമാണ്. **Diakonia** എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം തന്നെ ശുശ്രൂഷ, സേവനം എന്നൊക്കെയാണ്. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ എന്ന പുസ്തകത്തിൽ (അദ്ധ്യായം 6) ആദ്യത്തെ ഏഴു ഡീക്കൻമാരെപ്പറ്റി പ്രദിപാദിക്കുന്നുണ്ട്. അന്നു സഭയിൽ ഡീക്കൻ പദവി സാമൂഹിക ശുശ്രൂഷക്കുവേണ്ടി ആയിരുന്നു. എന്നാൽ, ശുശ്രൂഷ, സേവനം, എന്നൊക്കെയുള്ളതിനു വെറും സാമൂഹിക സേവനമെന്നതിനുമുപരിയായ അർത്ഥവ്യാപ്തിയുണ്ടു്. ലോകത്തിന്റെ വിശുദ്ധീകരണത്തിനായി, സുവിശേഷ വത്കരണത്തിനായി, ചെയ്യുന്ന പ്രവൃത്തികളാണ് പുരോഹിതരെന്ന സ്ഥിതിയിൽ നിർവഹിക്കേണ്ട പ്രഥമവും പ്രധാനവുമായ ശുശ്രൂഷ. ദൈവശാസ്ത്ര പരമായി, ഏതാനും സ്ഥാപനങ്ങളുടെ നടത്തിപ്പുകാരോ, ഖജാൻജിമാരോ അല്ല, കത്തോലിക്കാ പുരോഹിതന്മാർ. വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും സാമൂഹ്യ പ്രവർത്തനങ്ങളും നടത്തിയതു കൊണ്ടുമാത്രം യഥാർത്ഥ പൗരോഹിത്യം നിറവേറ്റിയെന്നു കരുതാനുമാവില്ല. വിശുദ്ധ കുർബാനയ്ക്കും ക്രൈസ്തവ പൗരോഹിത്യത്തിനും കുരിശിന്റെ പോലെത്തന്നെ **vertical and horizontal** മാനങ്ങളുണ്ടു് എന്നതു പ്രധാനപ്പെട്ട കാര്യമാണ്. സ്വർഗ്ഗത്തിലേക്കു മാത്രമല്ല, ഭൂമിയിലേക്കും സമൂഹത്തിലേക്കും കണ്ണുകൾ തിരിക്കണം എന്നാണതിന്റെ അർത്ഥം. അതുപോലെത്തന്നെ സേവനത്തെ ഭൗമികസഹായ പദ്ധതി മാത്രമായും കാണരുത്.



www.malankaralibrary.com

വിശുദ്ധ കുർബാനയുടെ ആഘോഷത്തെ സ്നേഹ വിരുന്നായിട്ടോ, ബലിയായിട്ടോ, വചന പ്രഘോഷണമായിട്ടോ മാത്രം ചുരുക്കുന്നതും ശരിയല്ല. വിശുദ്ധ കുർബാന അതെല്ലാം ഉൾക്കൊള്ളുന്നതാണ്. സ്നേഹവിരുന്നുമാണ്, ബലിയുമാണ്, വചനപ്രഘോഷണവുമാണ്. വിരുന്നിനെപ്പറ്റി പറയുമ്പോൾ അതൊരു ബലിയാണെന്ന സത്യം നമ്മൾ വിസ്മരിക്കരുത്. ബലിയെപ്പറ്റി പറയുമ്പോൾ അതൊരു വിരുന്നാണെന്നും മറക്കരുത്. വിശുദ്ധ കുർബാനയിൽ പ്രഘോഷണത്തിനും കാതലായ സ്ഥാനമുണ്ട്. വിശുദ്ധ കുർബാനയർപ്പിക്കുന്ന ഓരോ പുരോഹിതനും ജുസലേമിലേക്കും കർത്താവിന്റെ തിരുമണിക്കൂറിലേക്കും ദുഃഖവെള്ളിയാഴ്ചയിലെ അവിടുത്തെ കുരിശിന്റെ യാതനയിലേക്കും നയിക്കപ്പെടുകയാണ്. "ഇതു നിങ്ങൾക്കു വേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു" എന്നും "അനേകർക്കു വേണ്ടി ചൊരിയപ്പെടുന്ന എന്റെ രക്തമാകുന്നു" എന്നും പെസഹാ ശാലയിൽ അരുളിച്ചെയ്ത കർത്താവിനു പുരോഹിതൻ തന്റെ ശബ്ദം സംലഭ്യമാക്കുകയാണപ്പോൾ. ഒരു തരത്തിൽ പറഞ്ഞാൽ, ഈശോ, പുരോഹിതന്റെ ശബ്ദം "കട" മെടുക്കുകയാണപ്പോൾ, അഥവാ, പുരോഹിതൻ ഈശോയ്ക്കു "കടം" കൊടുക്കുകയാണ്. കർത്താവിന്റെ ഭാഗമാണ് പുരോഹിതൻ ഏറ്റെടുക്കുന്നതു്. മിശിഹായുടെ സ്ഥാനത്തു **(in persona Christi)** നിന്നാണു പുരോഹിതൻ കർമ്മങ്ങൾ അനുഷ്ഠിക്കുന്നത്. അതു സൂചിപ്പിക്കുന്നതിനു വേണ്ടിയാണു സീറോ-മലബാർ കുർബാന ക്രമത്തിൽ കാർമ്മികൻ സുവിശേഷ പ്രഘോഷണത്തിനിറങ്ങുമ്പോൾ സുവിശേഷ ഗ്രന്ഥം കൊണ്ടു സ്വന്തം മുഖം മറച്ചു കൊണ്ടു സമൂഹത്തെ ആശീർവദിക്കുന്നത്. പുരോഹിതൻ ബലിയർപ്പിക്കുന്നതു സ്വന്തം പേരിലോ അധികാരത്തിലോ അല്ല. അതു സൂചിപ്പിക്കാനാണു അദ്ദേഹം നിർദ്ദേശിക്കപ്പെട്ട തിരുവസ്ത്രങ്ങൾ അണിയുന്നത്. പുരോഹിതൻ തന്റെ സ്വന്തം നിലയിലല്ലാ, മറിച്ച്, ഏല്പിക്കപ്പെട്ട, ഏറ്റെടുത്ത, ഔദ്യോഗിക അധികാരത്തോടെയാണവിടെ നില്ക്കുന്നത്, അതേ, തിരുസ്സഭയുടെ പേരിൽ. വ്യക്തിയുടെ സ്വകാര്യ വിശുദ്ധിയല്ലാ, കർത്താവീശോമിശിഹായുടെ വിശുദ്ധിയാണവിടെ പ്രവർത്തിക്കുന്നത്. കൂദാശകൾ കൈകാര്യം ചെയ്യുന്നതു ഒരു സ്വകാര്യ വ്യക്തി എന്ന നിലക്കല്ലാത്തതിനാൽ, ഔദ്യോഗിക വ്യക്തിയായ കാർമ്മികൻ ഔദ്യോഗിക പ്രാർത്ഥനകൾ ചൊല്ലാനും ബാദ്ധ്യസ്ഥനാണ്. സ്വന്തം പേരിൽ അദ്ദേഹത്തിനു ആരെയെങ്കിലും വിശുദ്ധീകരിക്കാനോ രക്ഷിക്കാനോ കഴിവുണ്ടായിരുന്നെങ്കിൽ സ്വന്തം പ്രാർത്ഥനകൾ ഉപയോഗിക്കാമായിരുന്നു. പാപമോചന കൂദാശ കൈകാര്യം ചെയ്യുമ്പോൾ കാർമ്മികൻ ഊറാറ ധരിക്കണമെന്നു നിർദ്ദേശിക്കുന്നതും അതു കൊണ്ടാണ്. പാപമോചനവാക്യങ്ങളും **(formula of absolution)** ഇതു വ്യക്തമാക്കുന്നുണ്ട്. ത്രിയേക ദൈവത്തിന്റെ നാമത്തിലാണു പാപമോചനം നൽകപ്പെടുന്നത്. സമൂഹബലി അർപ്പിക്കുമ്പോൾ പ്രധാന കാർമ്മികൻ തക്സായിലുള്ള പ്രാർത്ഥനകൾക്കു പകരം സ്വയം പ്രേരിത പ്രാർത്ഥനകളാണു ചൊല്ലുന്നതെങ്കിൽ അതു സഹകാർമ്മികരോടും സമൂഹത്തോടും കാണിക്കുന്ന അനാദരവാണ്. തനിച്ചാണെങ്കിലും അങ്ങനെ ചെയ്യാൻ അവകാശമോ അധികാരമോ ഇല്ല. ഗായകർക്കും ഗായകസംഘത്തിനും ഇതു ബാധകമാണ്. ചൊല്ലാനുള്ള പ്രാർത്ഥനകൾ ഗാനരൂപത്തിൽ ആലപിക്കുമ്പോൾ അപ്പോൾ ആ പ്രാർത്ഥനയുടെ ആശയമുൾക്കൊള്ളുന്ന ഗാനമായിരിക്കണം ആലപിക്കുന്നത്. ഗായകസംഘത്തിനോ അതിലെ ഒരംഗത്തിനോ തോന്നുന്ന പാട്ടു പാടാതിരിക്കാനാണ്, ഔദ്യോഗികമായി ചില കീർത്തനങ്ങൾ പുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്. പാട്ടുകൾ


www.malankaralibrary.com

സമൂഹമൊന്നിച്ചു പാടിയാലേ സജീവമായ ഭാഗഭാഗിത്വം ഉണ്ടാകുകയുള്ളൂ. വിശുദ്ധ കുർബാനക്കിടയിൽ സമൂഹത്തെക്കൊണ്ടു പാട്ടു പാടിപ്പിക്കാതെ സമൂഹപ്രാർത്ഥനകൾക്കു പകരം solo ഗാനങ്ങൾ പാടണമെന്നു ചിലർക്കാഗ്രഹമുണ്ടെങ്കിൽ അതു പ്രോത്സാഹിപ്പിക്കേണ്ടതല്ല. എല്ലാവർക്കും കൂടെ പാടാൻ സഹായമാകത്തക്കവിധം പാട്ടുകളുടെ നമ്പരോ പേജു നമ്പറോ പൊതുവായി പ്രദർശിപ്പിക്കയോ പറയുകയോ ചെയ്താൽ അതു വലിയൊരു സഹായമായിരിക്കും, പ്രത്യേകിച്ചു പുതുതായി വരുന്നവർക്ക്. അങ്ങനെ സമൂഹമൊന്നായി പാട്ടുപാടുന്നതാണ് ഒരാൾതനിച്ചോ കുറച്ചുപേർ മാത്രമായോ പാടുന്നതിനേക്കാൾ അഭികാമ്യം. വിശുദ്ധ കുർബാന കാണാനോ കേൾക്കാനോ അല്ലല്ലോ, വിശ്വാസികൾ വരുന്നത്. അതിൽ സജീവമായി പങ്കെടുക്കാനാണ്. പാട്ടുകൾ ഉണ്ടാക്കുമ്പോൾ ഭാഗവതന്മാർക്കുമാത്രം പാടാൻ പറ്റുന്നതരം പാട്ടുകൾക്കു പകരം സാധാരണ ജനങ്ങൾക്കു പാടാൻ കഴിയുന്ന തരം പാട്ടുകൾ ഉണ്ടാക്കാൻ ശ്രമിക്കുന്നതിന്റെ പ്രാധാന്യം ഇവിടെയാണ്.

അൾത്താരയെപ്പറ്റി പറയുമ്പോൾ, അതു മധ്യത്തിലാകണമെന്നു വാദിക്കുന്ന ചിലരുടെ കാരണത്തെപ്പറ്റി ഒരു നിരീക്ഷണം. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും" എന്നു കർത്താവു പറഞ്ഞിട്ടുള്ളതിനാൽ (മത്താ. 18:20), വിശുദ്ധ കുർബാനയുടെ സമയത്ത് അൾത്താരയുടെ സ്ഥാനം കാർമ്മികന്റെയും സമൂഹത്തിന്റെയും മധ്യേ ആയിരിക്കണമത്രെ. എന്നാൽ, മധ്യേ എന്ന വാക്കിന്റെ അർത്ഥം ഇവിടെ ഒരു നിശ്ചിത സ്ഥാനത്തെ (place) ഉദ്ദേശിച്ചല്ല വിവക്ഷിച്ചിരിക്കുന്നത്. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ഈശോയെപ്പറ്റി സ്നാപകയോഹന്നാൻ പറയുന്നതു നമുക്കു ശ്രദ്ധിക്കാം. "നിങ്ങൾ അറിയാത്ത ഒരു ഒരുവൻ നിങ്ങളുടെ മദ്ധ്യേ നില്പുണ്ട്" (1:26). അതുപോലെത്തന്നെ ലൂക്കാ എഴുതിയ സുവിശേഷത്തിൽ ഈശോ പറയുന്നു, ശിഷ്യന്മാരുടെയിടയിൽ (midst) അവിടുന്നു ശുശ്രൂഷകനെപ്പോലെയായിരുന്നുവെന്ന് (22:27). ഹോസിയാ പ്രവാചകന്റെ പുസ്തകത്തിൽ, ജനങ്ങളുടെ ഇടയിൽ വസിക്കുന്ന പരിശുദ്ധനായ ദൈവത്തെപ്പറ്റി നമ്മൾ വായിക്കുന്നു (11:9). മറ്റൊരു ഉദാഹരണമാണു ജറെമിയ 14:9. ഇവിടെയെല്ലാം മദ്ധ്യേ അഥവാ ഇടയിൽ എന്നതു സ്ഥലബദ്ധമായി നടുവിൽ എന്ന അർത്ഥത്തിലല്ല ഉദ്ദേശിക്കുന്നതെന്നു വ്യക്തമാണ്. വിശ്വാസികളുടെ മദ്ധ്യേ കർത്താവുണ്ടാകുമെന്ന വാഗ്ദാനത്തിൽ നിന്നും അൾത്താരയുടെ സ്ഥലം പുരോഹിതന്റെയും സമൂഹത്തിന്റെയും ഇടയിൽ അഥവാ നടുവിൽ എന്ന നിഗമനം എത്രയോ ദുർബലം!

ദേവാലയവുമായി ബന്ധപ്പെട്ടു പ്രദിപാദിക്കുമ്പോൾനമ്മൾ പാലിക്കേണ്ട dress code നെ പറ്റി രണ്ടു വാക്ക്. വിവാഹാഘോഷങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റും പോകുമ്പോൾ അണിഞ്ഞൊരുങ്ങി പോകാൻ നമ്മൾ പൊതുവെ ശ്രദ്ധിക്കാറുണ്ട്. വിശുദ്ധ കുർബാന അർപ്പിക്കാനോ അതിൽ പങ്കു കൊള്ളുവാനോ ദേവാലയത്തിലക്കു പോകുമ്പോഴും ഇക്കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടതാണല്ലൊ. ദൈവത്തോടും ദൈവിക കാര്യങ്ങളോടും ബഹുമാനക്കുറവു കാണിക്കുന്ന രീതിയിൽ ബാഹ്യമായും പെരുമാറാതിരിക്കാൻ നമ്മൾ സൂക്ഷിക്കണം. ദൈവം ഹൃദയമാണു നോക്കുന്നതെന്നു പറഞ്ഞ് അലംഭാവം കാണിച്ചു തോന്നിയ പോലെ വസ്ത്രം ധരിച്ചു പള്ളിയിൽ പോകുന്ന ശൈലി വിശ്വാസികൾക്കു ചേർന്നതാണെന്നു തോന്നുന്നില്ല. ആഡംബര വസ്ത്രങ്ങൾ ധരിക്കണമെന്നല്ല വിവക്ഷ.


www.malankaralibrary.com

പ്രത്യുത, പൊതുവേദിയിൽ പ്രത്യക്ഷപ്പെടുമ്പോൾ **decent** എന്നു സാമാന്യം കരുതപ്പെടുന്ന വസ്ത്രം ധരിക്കണം എന്നു മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഇതിവിടെ പ്രത്യേകം പറയേണ്ടതിന്റെ ആവശ്യമുണ്ടോ എന്നു ചിലർ ചോദിച്ചേക്കാം, സംശയിച്ചേക്കാം. വെറും ബനിയനും (ചിലപ്പോൾ, മുഷിഞ്ഞതും!) ഇട്ട്, കള്ളിമുണ്ടുമുടുത്ത് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും അൾത്താര ശുശ്രൂഷ ചെയ്യുവാനും വരുന്നത് അനാദരവാണെന്നു തോന്നുന്നതുകൊണ്ടു പറയുന്നുവെന്നു മാത്രം. സ്കൂളിലോ മറ്റിടങ്ങളിലോ പോകുമ്പോൾ ഇവർ മെച്ചമായി അണിഞ്ഞൊരുങ്ങാറുമുണ്ട്. പണമല്ല പ്രശ്നം, മനസ്ഥിതിയാണ്. കാശില്ലാത്തതു കാരണം നല്ല വസ്ത്രം ധരിക്കാൻ കഴിയാത്തതു മനസ്സിലാക്കാം. അതേപ്പറ്റി ഒരു വിമർശനവുമില്ല, സഹതാപമേയുള്ളൂ. വിശ്വാസികൾ പൊതുവെ ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ടെന്നതു സന്തോഷകരമാണ്. ഹൃദയത്തിന്റെ പരിശുദ്ധി മാത്രമല്ല, ബാഹ്യപ്രകടനങ്ങളും പ്രധാനപ്പെട്ടവയാണ്. കൂദാശതന്നെ ദൃശ്യ ബാഹ്യ അടയാളങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണല്ലോ. അതുപോലെ അതിൽ പങ്കെടുക്കുന്നവരുടെ പ്രവൃത്തികളും ബാഹ്യമായ വേഷങ്ങളും ചെയ്തികളും ആംഗ്യങ്ങളും അടയാളങ്ങളും പ്രധാനപ്പെട്ടവയാണ്. ദൈവമായ വചനത്തിന്റെ, ദൈവവചനത്തിന്റെ, മനുഷ്യാവതാരത്തിന്റെ അടിസ്ഥാന തത്വവും ബാഹ്യതയാണ്. ഈ മനുഷ്യാവതാര തത്വം **(incarnational principle)** സൗകര്യപൂർവ്വം മറന്നുകളയാനുള്ളതല്ല. ബനിയനും കളസവും **(trousers)** അല്ലെങ്കിൽ ഒരു കൈലിയോ കള്ളിമുണ്ടോ അതിനു മീതെ ബനിയനോ **T-shirt** ഓ ഇട്ട് ഊറാറ **(stole)** മാത്രം ധരിച്ചു വിശുദ്ധ കുർബാന അർപ്പിക്കുവാൻ പുരോഹിതന്മാർ മുതിരുന്നുണ്ടെങ്കിൽ സ്ഥിതി വിശേഷം എത്രത്തോളമെത്തിയെന്ന് ഊഹിക്കാവുന്നതാണല്ലോ. സ്വകാര്യക്കുർബാനയാണെന്ന ന്യായം ഇവിടെ വിലപ്പോവില്ല. കാരണം, സ്വകാര്യക്കുർബാന **(Private Mass)** എന്നൊരു കുർബാനയില്ല. കൂദാശകളെല്ലാം തന്നെ പൊതു സ്വഭാവം ഉള്ളതാണ്. തിരുസ്സഭയുടെ പേരിൽ, ഔദ്യോഗികമായി അനുഷ്ഠിക്കപ്പെടുന്നവയാണവ. അതുകൊണ്ടുതന്നെയാണവയുടെ വസ്തുതാപരമായ **(objective)** വരപ്രസാദശക്തിയും; അവ കൈകാര്യം ചെയ്യുന്ന വ്യക്തിയെയോ അയാളുടെ യോഗ്യതയെയോ, വിശുദ്ധിയെയോ **(subjective merit or sanctity)** ആശ്രയിച്ചല്ല കൂദാശകളുടെ കാര്യക്ഷമത **(efficiency)**. **Ex opere operato** എന്നു ദൈവശാസ്ത്രത്തിൽ പറയുന്നത് ഇതുസംബന്ധിച്ചാണ്. കൂദാശകളും **(sacraments)** കൗദാശികങ്ങളും **(sacramentals)** തമ്മിലുള്ള വ്യത്യാസവും അതാണ്. കൊന്ത (ജപമാല) ഒരു കൗദാശികമാണ്; അതു സ്വകാര്യമായി **(private)** ആയി നടത്താവുന്നതാണ്. പക്ഷേ, വിശുദ്ധ കുർബാനയുടെ അർപ്പണം അങ്ങനെയല്ല, ഔദ്യോഗിക കർമ്മമാണ്. അതിനാൽ ഔദ്യോഗികമായി തിരുസ്സഭ അധികാരപ്പെടുത്തി നിയോഗിച്ചിട്ടുള്ളവർക്കു മാത്രമേ അതു പരികർമ്മം ചെയ്യാൻ പാടുള്ളൂ. ഔദ്യോഗികമായി നിശ്ചയിച്ചിട്ടുള്ള രീതിയിൽത്തന്നെ അതാകണമെന്നു പ്രത്യേകം പറയേണ്ടതുമില്ല. അണിയാനുള്ള വസ്ത്രങ്ങൾ, ചൊല്ലാനുള്ള പ്രാർത്ഥനകൾ, ചെയ്യാനുള്ള ആംഗ്യങ്ങൾ, നിൽക്കാനുള്ള സ്ഥലങ്ങൾ മുതലായവയെല്ലാം ഇതിൽ പെടുന്നു. ധരിക്കുന്ന വസ്ത്രത്തെപ്പറ്റി പറയുമ്പോൾ അൾത്താര ബാലന്മാരും ബാലികമാരും ദിവ്യ ബലിയിൽ മറ്റു വിധത്തിൽ (വായന, സംഗീതം) സഹായിക്കുന്നവരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **shabby** ആയിട്ടു വസ്ത്രം ധരിച്ചു പള്ളിയിൽ വരാതിരിക്കാൻ അവരും ശ്രദ്ധിക്കണം. **Casual dress** ആയ **T-shirt** ഉം **jeans** ഉം ധരിച്ചല്ല ദിവ്യബലിയിൽ



www.malankaralibrary.com

സഹായിക്കാൻ വരേണ്ടത്. പല പള്ളികളിലും അൾത്താര ശുശ്രൂഷകർക്കുള്ള പ്രത്യേക ഉടുപ്പുകൾ കരുതിവക്കുന്ന നല്ല പതിവുണ്ട്.

**7. വിശുദ്ധ കുർബാനയെന്ന വിരുന്ന്.**

വിശുദ്ധ കുർബാന ഒരു ബലിയാണെന്നതിനു പുറമെ, അതൊരു വിരുന്നുകൂടിയാണ്. വരാനിരിക്കുന്ന സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനവും. ചിതറിക്കപ്പെട്ട ഇസ്രായേൽ ജനത്തെ ശേഖരിക്കുക, ഒരുമിച്ചു കൂട്ടുക (gathering), എന്നതു ഈശോയുടെ വലിയ അഭിലാഷമായിരുന്നല്ലോ (മത്താ. 23:37; cf. യോഹ. 11: 52). അതിനായി പുതിയ ഇസ്രായേലിന്റെ പ്രതീകാത്മകമായി, ഇസ്രായേൽ ഗോത്രങ്ങളുടെ സംഖ്യയായ പന്ത്രണ്ടിനെ ആസ്പദമാക്കി, വിവിധ പക്ഷക്കാരിൽനിന്നും ശ്ലീഹാന്മാരായി ഈശോ പന്ത്രണ്ടു പേരെ തെരഞ്ഞെടുത്തു, വിളിച്ചു. പക്ഷെ, പല ആദർശങ്ങളിലും താല്പര്യങ്ങളിലുമായി ഉള്ളാലെ ചിതറിപ്പോയ ഇസ്രായേൽക്കാരെ ഒരുമിച്ചു കൂട്ടുവാൻ ജീവിതകാലത്തു ഈശോക്കു സാധിക്കാതെ പോയി. എങ്കിലും, അതു വേറൊരു വിധത്തിൽ, പുതിയ ഇസ്രായേലായ തിരുസ്സഭയിൽ സാധിച്ചത്, സാധിക്കുന്നത്, വിശുദ്ധ കുർബാനയിലൂടെയാണ്, ദിവ്യകാരുണ്യമേശയ്ക്കു ചുറ്റുമാണ്. അൾത്താരക്കു ചുറ്റും, എല്ലാ വ്യത്യാസങ്ങളും മറന്നുകൊണ്ട്, മാറ്റിവച്ചുകൊണ്ട്, നമ്മൾ ഒരുമിച്ചു കൂടുമ്പോൾ ഈശോയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ്. വിശുദ്ധ കുർബാനയിലെ ഭാഗഭാഗിത്വം പൂർണ്ണമാകണമെങ്കിൽ നമ്മൾ ആ വിരുന്നിൽ വെറും കാണികളായി നിൽക്കാതെ, കർത്താവിന്റെ തിരുശ്ശരീരരക്തങ്ങൾ സ്വീകരിച്ചുകൊണ്ട് ആ വിരുന്നിൽ സജീവമായിത്തന്നെ പങ്കെടുക്കണം. കുർബാനയിലെ പ്രാർത്ഥനകളും ഗാനങ്ങളും വെറും കാണികളെയും കേൾവിക്കാരെയും പോലെ നിന്നു കാണുകയും കേൾക്കുകയും ചെയ്യാതെ അവ സ്വരത്തിൽ ചൊല്ലുകയും ആലപിക്കുകയും ചെയ്യുന്നത് ഇതിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗമാണ്. കാർമ്മികന്റെ വാചാപ്രാർത്ഥനകൾക്കു മാത്രമല്ല, ആംഗ്യങ്ങൾക്കും നമ്മൾ പ്രത്യുത്തരം നൽകണം. ഉദാഹരണത്തിനു, കാർമ്മികൻ കുരിശടയാളം കൊണ്ടു സമാധാനം ആശംസിക്കുമ്പോൾ അതു സ്വീകരിക്കുന്നവർ സ്വയം കുരിശടയാളം വരച്ചു പ്രത്യുത്തരിക്കണം; കാണാത്തതുപോലെ, അനങ്ങാതെ നിൽക്കരുത്. അധരങ്ങൾകൊണ്ടു മാത്രം പ്രത്യുത്തരം കൊടുത്താൽ പോരാ. ഓരോ ആംഗ്യവും (gesture) അർത്ഥവത്തും പ്രധാനപ്പെട്ടതുമാണ്. അതോടൊപ്പം വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുമ്പോൾ വരപ്രസാദമാകുന്ന "വിവാഹ വസ്ത്ര"ത്തോടെയായിരിക്കയും വേണം (മത്താ. 22:11-13). അതു നഷ്ടപ്പെട്ടെങ്കിൽ പൂർണ്ണ മനസ്താപം വഴിയോ കുമ്പസാരമെന്ന കൂദാശയിലൂടെയോ ആ വസ്ത്രം സൗജന്യമായി ലഭിക്കാവുന്നതുമാണ്. ബേത്ലെഹെമിൽ, അപ്പത്തിന്റെ ഭവനത്തിൽ, (ഹീബ്രു: לֶחֶם lechem = അപ്പം) ( בַּיִת beth = ഭവനം) ജനിച്ചവൻ സ്വയം അപ്പമായിത്തീർന്നു, നമ്മുടെ ആദ്ധ്യാത്മിക ഭക്ഷണമായി മാറി. അപ്പത്തിന്റെ ആലയത്തിൽ പിറന്നവൻ ദേവാലയത്തിലെ അപ്പമായി മാറി, മുറിക്കപ്പെടാനും ഭക്ഷിക്കപ്പെടാനും. അവിടുന്നു തന്നെയാണു ബലിയർപ്പകനും ബലിവസ്തുവും (the Priest and the victim). അവിടുന്നു തന്നെയാണ്, ആതിഥേയനും അപ്പവും (the host and the Host). Hostia എന്ന ലത്തീൻ പദത്തിന്റെയർത്ഥ ബലിചെയ്യപ്പെട്ട മൃഗം (sacrificial victim) എന്നാണ്.



www.malankaralibrary.com

**8. തന്നെത്തന്നെ ബലിയർപ്പിച്ചവൻ.**

പഴയനിയമത്തിൽ ബലിയർപ്പിക്കപ്പെടാൻ യോഗ്യതയുള്ള മൃഗങ്ങളുടെ മേൽ പുരോഹിതന്മാർ അംഗീകാരമുദ്ര വെയ്ക്കുന്ന പതിവുണ്ടായിരുന്നു. അങ്ങനെ മുദ്രയുള്ള മൃഗങ്ങളെയാണു ബലിയർപ്പിക്കാനായി ജനങ്ങൾ വാങ്ങുവാൻ പാടുള്ളൂ. ഇതിന്റെ പശ്ചാത്തലത്തിൽഈശോ തന്നെപ്പറ്റി പറയുന്നു, പിതാവായ ദൈവം തന്റെമേൽ "അംഗീകാരമുദ്ര വച്ചിരിക്കുന്നു" ( യോഹ. 6: 27). പഴയ നിയമത്തിലെ പുരോഹിതന്മാർ മൃഗങ്ങളെ ബലിയർപ്പിച്ചതിന്റെ സ്ഥാനത്തു പ്രധാനപുരോഹിതനായ ഈശോ തന്നെത്തന്നെ ബലിയർപ്പിക്കയാണു ചെയ്തത് (ഹെബ്രാ. 9:14.26). നമ്മുടെ കുർബാനക്രമത്തിൽ കാഴ്ച വസ്തുക്കളുടെ സമർപ്പണത്തിന്റെ പ്രാർത്ഥന ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. ("നമ്മുടെ രക്ഷക്കു വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ..."). ഇങ്ങനെ സ്വയം ബലിയർപ്പിക്കപ്പെട്ട കർത്താവിന്റെ തിരുശ്ശരീരരക്തങ്ങൾ നമ്മൾ സ്വീകരിക്കുമ്പോൾ, നമ്മൾ ഉൾക്കൊള്ളുന്നതു നിത്യജീവന്റെ ഭക്ഷണവും പാനീയവുമാണ്. അതു നമ്മുടെ പാപക്കറകൾ ക്ഷമിക്കുകയും നീക്കുകയും ചെയ്യുന്നു. സെറാഫുകളിലൊന്നു ബലിപീഠത്തിൽ നിന്നു കൊടിൽ കൊണ്ടെടുത്ത ഒരു തീക്കനൽ കൊണ്ടു വന്ന് ഏശയ്യാപ്രവാചകന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞ വാക്കുകൾ ഇവിടെ നമുക്കോർക്കാം: "ഇതു നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടു; നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ഏശ. 6:6-7).

**9. സ്വന്തം ശരീരമായ അപ്പം.**

സ്വർഗ്ഗീയ പിതാവു തരുന്ന സ്വർഗ്ഗീയ മന്നായാണു, സ്വർഗ്ഗീയ ഭോജനമാണ് ഈശോയുടെ മാംസവും രക്തവും. അതു ഭക്ഷിക്കുന്നവർ നിത്യം ജീവിക്കും (യോഹ. 6:51.56). അവിടുന്നു വ്യക്തമായിട്ടരുളിച്ചെയ്തു: "ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ. 6:51). അവിടുന്നു തുടർന്നു പറയുന്നു: "എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്" (യോഹ. 6:55). വെറും ആലങ്കാരികമായിട്ടല്ല, വസ്തുനിഷ്ഠമായിട്ടാണതു കർത്താവു പറഞ്ഞതെന്നു പിന്നീടു വരുന്ന സംഭവവും സംഭാഷണവും വ്യക്തമാക്കുന്നു. അവിടുത്തെ വചനം കഠിനമാണെന്നു പറഞ്ഞ് ശിഷ്യരിൽ ചിലർ പിറുപിറുക്കുകയും വിട്ടു പോകുകയും ചെയ്തപ്പോൾ ഈശോ തന്റെ വാക്കുകൾ മാറ്റിപ്പറഞ്ഞില്ല, തിരിച്ചെടുത്തില്ല, വളച്ചൊടിച്ചില്ല. നഷ്ടപ്പെട്ട ആടിനെ തേടിപ്പോകുന്ന നല്ല ഇടയനായ, അനുകമ്പയുടെയും എളിമയുടെയും മാതൃകയായ, ഈശോ ഇക്കാര്യത്തിൽ ഒരു വാക്കുപോലും തിരിച്ചെടുക്കുന്നില്ല, ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ല, ഒരു ഒത്തുതീർപ്പിനും തയ്യാറാകുന്നില്ല. മറിച്ച്, പന്ത്രണ്ടു പേരോടുമായി ഈശോ ചോദിച്ചു: "നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?" (യോഹ. 6: 67). ഇക്കാര്യത്തെപ്പറ്റി ഈശോയുടെ മനസ്സെന്താണെന്നു സംശയമെന്യേ വെളിപ്പെടുത്തുന്ന ഒരു രംഗമാണിത്. അതെത്ര മാത്രം അവിടുത്തേക്കു പ്രധാനപ്പെട്ടതാണെന്നും ഇതു പ്രകടമാക്കുന്നു. രക്തം കഴിക്കുകയെന്നതു യഹൂദാചാരപ്രകാരം നിഷിദ്ധമായിരുന്നുന്നു (ലേവ്യർ 17:10.12). അങ്ങനെയിരിക്കെ, തന്റെ രക്തം പാനം ചെയ്യണമെന്ന ആശയം യഹൂദരായിരുന്ന ശ്ലീഹന്മാർ സ്വന്തമായി കണ്ടുപിടിച്ചതാവാൻ സാദ്ധ്യതയില്ല. ഈശോയുടെ സ്വന്തം വാക്കുകൾ (ipsissima verba) ആകാനേ വഴിയുള്ളൂ.



www.malankaralibrary.com

എങ്ങനെയാണു തന്റെ ശരീരത്തെ അപ്പമാക്കി മാറ്റാൻ, അഥവാ, അപ്പത്തെ തന്റെ ശരീരമാക്കി മാറ്റാൻ ഈശോയ്ക്കു കഴിയുക എന്നു നമ്മൾ ചിന്തിച്ചേക്കാം. അഞ്ചപ്പം കൊണ്ട് അയ്യായിരത്തോളം പേരെ സംതൃപ്തരാക്കാനും കടലിന്റെ മീതെ നടന്നു പോകാനും (യോഹ. 6:1-21) കാനായിലെ വിവാഹ വിരുന്നിൽ വെള്ളം വീഞ്ഞാക്കി മാറ്റാനും (യോഹ. 2:11) കഴിയുന്ന കർത്താവിനു ഇക്കാര്യത്തിൽ കഴിവുണ്ടോ എന്നു സംശയിക്കുന്നതുയുക്തിരാഹിത്യവും വിശ്വാസക്കുറവുമാണ്. ഉൽപത്തിയുടെ പുസ്തകത്തിൽ സൃഷ്ടികർമ്മത്തെപ്പറ്റിയുള്ള വിവരണത്തിൽ ദൈവം തന്റെ സർഗ്ഗാത്മകമായ വചനം (creative word) കൊണ്ട് ഇല്ലായ്മയിൽ നിന്നു ലോകത്തെ സൃഷ്ടിച്ചതായി നാം വായിക്കുന്നു. സ്രഷ്ടാവായ ദൈവത്തിന്റെ വചനത്തിനു സർഗശക്തി (creative power) ഉണ്ടു; അതിൽ അതിശയിക്കാനുമില്ല. ദൈവപുത്രനായ ഈശോയുടെ വചനത്തിനും ഈ ശക്തിയുണ്ട്. തളർവാതരോഗിയോടു "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മർക്കോ. 2:5) എന്നു പറഞ്ഞപ്പോൾ അതു സംഭവിച്ചു എന്നതിന്റെ ബാഹ്യതെളിവായി അവിടുന്ന് അവന്റെ രോഗം സുഖമാക്കി (മർക്കോ. 2:12). എല്ലാവരും കാൺകെ, തളർവാതരോഗിയായിരുന്ന തന്റെ കിടക്കയുമെടുത്തുവീട്ടിലേക്കു നടന്നു പോയി. ഈശോ കല്പിക്കുന്നതു സംഭവിക്കുന്നു; "talitha cum", "ബാലികേ, എഴുന്നേൽക്കൂ" എന്നാജ്ഞാപിച്ചപ്പോൾ ജായ്റോസിന്റെ കൊച്ചുമകൾ ജീവൻ പ്രാപിച്ചു (മർക്കോ. 5:52); "ലാസറേ, പുറത്തു വരുക" എന്നു കല്പിച്ചപ്പോൾ നാലു ദിവസം മുമ്പു മരിച്ച ലാസർ കബറിടത്തിൽ നിന്നും പുറത്തുവന്നു (യോഹ. 11:44); കാറ്റിനെയും കടലിനെയും ശാസിച്ചുകൊണ്ട് "അടങ്ങുക; ശാന്തമാവുക" (മർക്കോ. 4:39) എന്നു പറഞ്ഞപ്പോൾ അവ ശാന്തമായി. കർത്താവിന്റെ വാക്കുകൾ എവിടെയും എന്നും സജീവവും ശക്തവും സൃഷ്ടിപരവുമാണ്. മാത്രവുമല്ല, മുമ്പ് സൂചിപ്പിച്ചതുപോലെ, അവിടുത്തെ വചനത്തിനു സൃഷ്ടിശക്തിയുണ്ട് (creative power). വചനങ്ങൾ പല തരത്തിലുണ്ട്. വിവരങ്ങളും വിവരണങ്ങളും നൽകുന്ന വചനങ്ങൾ (Informative and descriptive words). ഇന്നലെ ഇവിടെ മഴ പെയ്തു എന്നു പറയുന്നതു വിവരം പങ്കുവയ്ക്കുന്ന വചനമാണ് (informing word). ആ മഴയെപ്പറ്റിയുള്ള വിവരണം തന്നാൽ അതു descriptive word ആയി മാറും. എന്തെങ്കിലും ഒരു കാര്യം ചെയ്യാൻ നിർദ്ദേശിക്കുകയോ കല്പിക്കയോ ചെയ്യുന്ന വചനങ്ങൾ ഉണ്ട്. ഉദാഹരണത്തിനു, "ദയവായി ഒരു ചായ തരൂ"! അല്ലെങ്കിൽ, "കടന്നു പോകൂ". അതുപോലെത്തന്നെ, നിർവഹണ വചനങ്ങൾ (performing words) ഉണ്ട്. "ഞാനിത് ഉദ്ഘാടനം ചെയ്യുന്നു" എന്നൊരാൾ ഔദ്യോഗികമായി പറഞ്ഞാൽ, ഉദ്ഘാടനകർമ്മം നടന്നു കഴിഞ്ഞു. ഇതുപോലെത്തന്നെ രൂപാന്തരീകരണ വചനങ്ങൾ (transformative words) ഉണ്ട്. കളിനടക്കുമ്പോൾ umpire അല്ലെങ്കിൽ referee ഒരു കളിക്കാരനോട് "You are out!" എന്നു പറഞ്ഞാൽ ആ കളിക്കാരൻ അതോടെ ശരിക്കും കളിസ്ഥലത്തുനിന്നും പുറത്തായി. നീതിന്യായക്കോടതിയിൽ ജഡ്ജി ഒരാളെ കുറ്റക്കാരനായോ കുറ്റവിമുക്തനായോ പ്രഖ്യാപിച്ചാൽ അയാൾ അങ്ങനെയായിത്തീരുകയാണ്. മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ഇങ്ങനെത്തന്നെ സംഭവിക്കുന്നു. നമ്മളെ ഒരാൾ ദൂഷണം പറഞ്ഞാൽ, ചീത്ത വിളിച്ചാൽ നമ്മളെ ആ വാക്കുകൾ വേദനിപ്പിക്കുന്നു. നമ്മിൽ പ്രതികരണം സൃഷ്ടിക്കുന്നു; നമ്മെ വൈകാരികമായിമാറ്റുന്നു. Transformative and performative words ന്റെ ചില


www.malankaralibrary.com

ഉദാഹരണങ്ങളാണവയെല്ലാം. കർത്താവിന്റെ വാക്കുകൾക്കു സൃഷ്ടിക്കാനുള്ള ശക്തിയുണ്ട്. ദൈവവചനത്തെപ്പറ്റി (dabar Yahweh) നമ്മൾ വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നത് അതാണ്. "വെളിച്ചം ഉണ്ടാകട്ടെ" എന്നു പറഞ്ഞപ്പോൾ വെളിച്ചമുണ്ടായതുപോലെ (ഉത്പത്തി 1:3), "ലാസറേ, പുറത്തു വരുക" എന്നു പറഞ്ഞപ്പോൾ മരിച്ചവൻ പുറത്തു വന്നതുപോലെ (യോഹ 11:43-44) ഈശോയുടെ വാക്കുകൾ ശക്തിയുള്ളവയാണ്. പറയുന്നതുപോലെ ആക്കിത്തീർക്കുവാൻ ശക്തിയുള്ളവയാണവ. കാരണം, അവിടുന്നു ദൈവമാണ്. "എന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കും അങ്ങനെത്തന്നെ. ഫലരഹിതമായി അതു തിരിച്ചുവരില്ല; എന്റെ ഉദ്ദേശ്യം അതു നിറവേറ്റും; ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും" എന്നു കർത്താവായ ദൈവം അരുളിച്ചെയ്യുന്നു (ഏശയ്യാ 55:11).

**10. വിശ്വാസമെന്ന ദാനം.**

അന്തിമഭോജന ശാലയിൽ ഈശോ അരുളിച്ചെയ്തതും കൂദാശയിലൂടെ പുരോഹിതൻ വഴി അരുളിച്ചെയ്യുന്നതുമായ വാക്കുകൾ അപ്പത്തെയും വീഞ്ഞിനെയും ഈശോയുടെ ശരീരരക്തങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നു. ഇവിടെ സംഭവിക്കുന്നതു വസ്തുമാറ്റമാണ് (transubstantiation). ഈശോയിൽ വിശ്വസിക്കുന്നതുകൊണ്ട് ഈശോയുടെ വാക്കുകളിലും വിശ്വസിക്കുന്നു. ഇതിനു ഭൗതികമായൊരു തെളിവു വിശ്വാസം ആവശ്യപ്പെടുന്നില്ല. തെളിവുള്ളിടത്തു വിശ്വാസത്തിനു പ്രസക്തിയില്ല. വിശുദ്ധ കുർബാന ഒരു വിശ്വാസ രഹസ്യമാണെന്നതു (mystery of faith) നമ്മൾ ഇവിടെ വിസ്മരിക്കരുത്. ദൈവത്തിന്റെ (ഉന്നതങ്ങളിൽ നിന്നു നൽകപ്പെട്ട) ദാനമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ, വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമേ നമുക്കിത് അംഗീകരിക്കാനും ഉൾക്കൊള്ളാനും പറ്റൂ. "മാംസ രക്തങ്ങളല്ല ... , സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണു നിനക്കിതു വെളിപ്പെടുത്തിത്തന്നതെ"ന്നു കർത്താവു ശിമയോൻ പത്രോസിനോടു പറഞ്ഞു (മത്താ. 16:17). "പിതാവിൽ നിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല" എന്നും ഈശോ പറയുന്നു (യോഹ. 6:44). വിശ്വാസം ഒരു വിശിഷ്ട ദാനമാണ്. പ്രാർത്ഥനയാണിവിടെ വേണ്ടത്. അതുകൊണ്ടു നമ്മൾ ദൈവത്തോടു പ്രാർത്ഥിക്കണം. ഇരുപതാം നൂറ്റാണ്ടിലെ വലിയ തത്വജ്ഞാനിയും പ്രസിദ്ധ ദൈവശാസ്ത്രജ്ഞനുമായിരുന്ന Karl Rahner (1904-1984) നോടൊരാൾ ചോദിച്ചു: "അങ്ങ് ഒരു വലിയ യുക്തിഗത ചിന്തകനായിരുന്നിട്ടും എങ്ങനെ വിശ്വസിക്കാൻ സാധിക്കുന്നു?" റാനർ പറഞ്ഞ മറുപടി: "ഞാൻ വിശ്വസിക്കുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ പ്രാർത്ഥിക്കുന്നു; അതുകൊണ്ടു ഞാൻ വിശ്വസിക്കുന്നു" ("I believe, because I pray". "Ich glaube, weil ich bete"). പല അകത്തോലിക്കാ സിദ്ധാന്തങ്ങളുടെയും പുറകിൽ വിശ്വാസം എളുപ്പമാക്കിത്തീർക്കാനുള്ള പ്രവണതയാണു ഭരിക്കുന്നത്! യുക്തിക്കു പ്രയാസം കൂടാതെ എളുപ്പം സ്വീകരിക്കാവുന്ന രീതിയിൽ വിശ്വാസരഹസ്യങ്ങളെ വളച്ചൊടിച്ച് പുതിയ വ്യാഖ്യാനങ്ങൾ തരുന്നത് വ്യാജമാണെന്നും നമ്മൾ തിരിച്ചറിയണം. വിശുദ്ധ കുർബാനയിലെ കർത്താവിന്റെ സാന്നിദ്ധ്യം വെറും പ്രതീകം ആണെന്നു പറഞ്ഞാൽ കാര്യം എളുപ്പമാകുമല്ലോ! കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കാനല്ലാ, കർത്താവു നമ്മോടു കല്പിച്ചത്, പ്രത്യുത, അവിടുന്നു കല്പിച്ചതെല്ലാം അനുസരിക്കാൻ പഠിപ്പിക്കാനാണ് (മത്തായി 28:20). "നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?" എന്ന് ഈശോ പന്ത്രണ്ടു പേരോടുമായി


www.malankaralibrary.com

ചോദിച്ചതും അതുകൊണ്ടാണ്. കർത്താവിൽ നിന്നു ലഭിച്ച സത്യത്തെ വളച്ചൊടിച്ച്, ലഘൂകരിച്ചു മായം ചേർത്തു ജനങ്ങൾക്കു കൊടുക്കാൻ നിയോഗിക്കപ്പെട്ടതല്ലാ, തിരുസ്സഭ. ഇക്കാര്യത്തിൽ orthodox സഭകളും കത്തോലിക്കാ സഭയുടെ പോലെത്തന്നെ വിശ്വസ്ഥത പുലർത്തുന്നുണ്ട്. ഈശോയുടെ ആദർശം സ്വന്തം ഇഷ്ടം നിർവഹിക്കുകയെന്നതായിരുന്നില്ലല്ലൊ. വ്യക്തമായി അവിടുന്നരുളിച്ചെയ്യുന്നുണ്ട്: "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്" (യോഹ 6:38). വിശുദ്ധ കുർബാനയിലുള്ള ഈശോയുടെ യഥാർത്ഥ സാന്നിധ്യം തിരുസ്സഭയിൽ പിൽക്കാലങ്ങളിൽ കടന്നു പറ്റിയ, അഥവാ രൂപം കൊണ്ട തെറ്റായ ഒരു വിശ്വാസം അഥവാ അബദ്ധ സിദ്ധാന്തം മാത്രമാണെന്നു കരുതുന്നവർ, ഈ സത്യം കർത്താവിന്റെ നാളുമുതൽത്തന്നെ നിലവിലുള്ള ഒരു സത്യമാണെന്നും വിശ്വാസപഠനമാണെന്നും അറിഞ്ഞിരിക്കട്ടെ! യോഹന്നാൻ 6:66 ൽ നമ്മൾ വായിക്കുന്നതു പോലെ അവിടുത്തെ "ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി" എന്നതിന്റെ കാരണം മറ്റൊന്നുമല്ലായിരുന്നുവെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. വെറും പ്രതീകാത്മക സാന്നിധ്യത്തെപ്പറ്റിയാണു ഈശോ അവിടെ പറഞ്ഞിരുന്നതെങ്കിൽ "ഈ വചനം കഠിനമാണെന്നു" കരുതുകയോ (യോഹ 6:60) അവർ അവനെ വിട്ടു പോകുകയോ ചെയ്യുകയില്ലായിരുന്നു. വിശുദ്ധ കുർബാനയിൽ നമ്മൾ സ്വീകരിക്കുന്നതു കർത്താവിന്റെ ശരീരവും രക്തവും ആണെന്നു വിശുദ്ധ പൗലോസ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (1 കോറി. 11:27-29). രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാരായ വിശുദ്ധ ജസ്റ്റിൻ (രക്തസാക്ഷി), അന്ത്യോക്യായിലെവിശുദ്ധ ഇഗ്നേഷ്യസ്, മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരിജെൻ എന്ന പണ്ഡിതൻ, നാലാം നൂറ്റാണ്ടിലെ സഭാപിതാവ് നീസ്സായിലെ ഗ്രിഗറി, അഞ്ചാം നൂറ്റാണ്ടിലെ സഭാപിതാവു വിശുദ്ധ ക്രിസോസ്റ്റോം എന്നിവർ അസന്ദിഗ്ധമായി പഠിപ്പിച്ചിരുന്നതും അതുതന്നെയാണ്. പതിനൊന്നാം നൂറ്റാണ്ടിൽ ടൂർസിലെ (ഫ്രാൻസ്) ബെറെൻഗാർ (Berengar) എന്ന ദൈവശാസ്ത്രജ്ഞൻ ഈ സത്യത്തിനെതിരായി പഠിപ്പിച്ചപ്പോൾ തിരുസ്സഭ ഔദ്യോഗികമായി അതിനെ എതിർക്കുകയും വിശുദ്ധ കുർബാനയിൽ ഈശോയുടെ ശരീരവും രക്തവും യഥാർത്ഥത്തിൽ സന്നിഹിതമാണെന്നു വ്യക്തമാക്കുകയും ചെയ്തു. 1054 ൽ ടൂർസിലെ കൗൺസിലും 1059 ലും 1079 ലും റോമിലെ കൗൺസിലുകളിലും ഇക്കാര്യം സഭ ശക്തിയുക്തം സ്ഥാപിക്കയുണ്ടായി. ബെറെൻഗാർ അതംഗീകരിക്കുകയും ചെയ്തു. പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശ്വവിഖ്യാതനായ സഭാപണ്ഡിതൻ വിശുദ്ധ തോമസ് അക്വിനാസ് തന്റെ Summa Theologiae എന്ന ദൈവശാസ്ത്ര ഗ്രന്ഥത്തിൽ മൂന്നാം ഭാഗത്തിൽ 75-ആം ചോദ്യത്തിൽ വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്, വിശുദ്ധ കുർബാനയിൽ കർത്താവിന്റെ ശരീരം പ്രതീകരൂപത്തിലല്ലാ, സത്യമായിട്ടുതന്നെ (secundum veritatem: according to truth) സന്നിഹിതമാണെന്ന്. വിശുദ്ധ കുർബാന അതിനാൽ ആത്മാവിന്റെ യഥാർത്ഥ ഭക്ഷണമാണെന്നും (alimentum) അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. വിശുദ്ധ കുർബാനയിൽ സംഭവിക്കുന്ന പ്രക്രിയയെ വസ്തുമാറ്റം (Transsubstantiation) എന്നാണദ്ദേഹം വിളിക്കുന്നത്. അദ്ദേഹം ഉപയോഗിച്ച ഈ പ്രത്യേക പദമാണു പിൽക്കാലങ്ങളിൽ തിരുസ്സഭ പ്രയോഗിച്ചു പോന്നതും. പതിനാറാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥർ അതിനുപകരം Consubstantiation എന്നു ചിന്തിക്കാവുന്ന രീതിയിൽ വ്യാഖ്യാനിച്ചു. വിശുദ്ധ കുർബാനയിൽ യഥാർത്ഥത്തിൽ അപ്പവും വീഞ്ഞും അതോടൊപ്പം


www.malankaralibrary.com

കർത്താവിന്റെ ശരീരവും രക്തവും ഉണ്ടെന്നുള്ള പഠനം. 1545 നും 1563 നുമിടയ്ക്കു കൂടിയ ത്രെന്തോസു (Trent) സൂനഹദോസ്സിന്റെ അഭിപ്രായത്തിൽ വസ്തുമാറ്റം എന്ന പദം ഏറ്റവും ഉചിതം (aptissime, most aptly) എന്നാണു പറഞ്ഞിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിലും തിരുസ്സഭയുടെ വിശ്വാസത്തിലും പഠനത്തിലും മാറ്റമൊന്നും വന്നിട്ടില്ല. മനുഷ്യൻ മാറുന്നതനുസരിച്ചു മാറ്റാനുള്ളതല്ലാ, കർത്താവിന്റെ ഇത്തരം കാതലായ വിശ്വാസ പ്രബോധനങ്ങൾ. 1965 ൽ വിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പ എഴുതിയ Mysterium Fidei എന്ന ചാക്രിക ലേഖനത്തിന്റെ തുടക്കത്തിൽത്തന്നെ നാമിങ്ങനെ വായിക്കുന്നു: "കത്തോലിക്കാസഭ അവളുടെ മണവാളനായ ക്രിസ്തുവിൽ നിന്നു തന്റെ അതിരറ്റ സ്നേഹത്തിന്റെ അച്ചാരമായി സ്വീകരിച്ച അവർണ്ണനീയമായ ദിവ്യകാരുണ്യമെന്ന ദാനം, അഥവാ വിശ്വാസരഹസ്യം, അവളുടെ ഏറ്റവും വിശിഷ്ട നിധിയായി എല്ലായ്പ്പോഴും ഭക്തിപൂർവ്വം സൂക്ഷിച്ചിരുന്നു". ഇതു രക്ഷയുടെ ബലിയാണെന്നും വിശ്വാസികളുടെ ആദ്ധ്യാത്മിക പോഷണമാണെന്നും അവിടെ എടുത്തു പറയുന്നുണ്ട്. "മിശിഹാ ഭക്ഷിക്കപ്പെടുന്ന ഒരു പെസഹാ വിരുന്നാണത്" (4). വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ മിശിഹായുടെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയുമാണു നമ്മൾ ചെയ്യുന്നത് (5). ഈശോയുടെ കാലം മുതൽ ഇന്നുവരെയുള്ള പഠനം ഇതാണ്, ഇതായിരുന്നു.

**11. മഹത്തായ ആഘോഷം**

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി എന്നു ചൊല്ലിക്കൊണ്ടാണല്ലോ, നമ്മൾ വിശുദ്ധ കുർബാന ആരംഭിക്കുന്നത്. ആരംഭത്തിൽത്തന്നെ നാമങ്ങനെ വിചാരങ്ങൾ ഉന്നതങ്ങളിലേക്കുയർത്തുകയാണ്. ഉന്നതങ്ങളിൽ നടക്കുന്ന സ്വർഗ്ഗീയ ആരാധന (heavenly liturgy) യോടു ചേർന്നാണു നമ്മൾ ഭൂമിയിൽ ആരാധന നടത്തുന്നതും. മാലാഖമാരോടും സ്വർഗ്ഗനിവാസികളോടുമൊത്തു നമ്മൾ ദൈവത്തെ പരിശുദ്ധനെന്നുദ്ഘോഷിക്കുന്നു: "sanctus, sanctus, sanctus" (ഏശയ്യാ 6:3). ഭൂമിയിൽ മനുഷ്യനു നടത്തുവാൻ സാധിക്കുന്ന ഏറ്റവും വലിയ, പരമോന്നതമായ ആരാധനയും ആഘോഷവുമാണു വിശുദ്ധ കുർബാന. ദൈവപുത്രൻ പരിശുദ്ധാത്മാവിലൂടെ ദൈവപിതാവിനർപ്പിക്കുന്ന സ്വയംബലിയാണത് (ഹെബ്രാ. 9:14). ഏറ്റവും മഹത്തായൊരു ആഘോഷമാണത്. വിശുദ്ധരായ പാദ്രേ പീയോ, ജോൺ മരിയാ വിയാനി, ഡോൺ ബോസ്കോ, ജോസഫ് കുപ്പെർത്തീനോ, ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ എന്നിവരെപ്പറ്റി ദൈവജനങ്ങൾക്കുണ്ടായിരുന്ന ഉയർന്ന അഭിപ്രായങ്ങൾക്കു ഒരു കാരണം അവർക്കു വിശുദ്ധ കുർബാനയോടുള്ള ഭക്തിയും അതർപ്പിക്കുന്ന രീതിയുമായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസീസിന്റെയും വി. കൊച്ചുത്രേസ്യായുടെയും ദിവ്യകാരുണ്യ ഭക്തി വളരെ പ്രസിദ്ധമാണല്ലോ. വിശുദ്ധ കുർബാനക്കുപയോഗിക്കുന്ന തുണികളും വിരികളും തിരുപ്പാത്രങ്ങളും ചില ദേവാലയങ്ങളിൽ കീറിപ്പറിഞ്ഞതും അഴുക്കുപിടിച്ചതും തീരെ താഴ്ന്ന നിലവാരത്തിലുമുള്ളതായിരുന്നതിനാൽ അതേപ്പറ്റി സങ്കടത്തോടെ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ് വൈദികന്മാർക്കും മെത്രാന്മാർക്കും കത്തുകൾ അയച്ച് അതേപ്പറ്റി അവരെ ഓർപ്പിക്കുകയും ചിലപ്പോഴൊക്കെ അവ സ്വന്തം ചെലവിൽ വാങ്ങി തന്റെ സഭാംഗങ്ങളെക്കൊണ്ട് വൈദികർക്കു സമ്മാനിക്കുകയും ചെയ്തിരുന്നുവത്രെ. ദിവ്യകാരുണ്യനാഥന്റെ വളരെയടുത്തിരിക്കാൻ ലഭിക്കുന്ന ഭാഗ്യത്തെ പ്രതി സക്രാരിയുടെ



www.malankaralibrary.com

കൊച്ചുതാക്കോലിനോട് അസൂയ തോന്നിയിരുന്ന ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ ചേതോവികാരം നമുക്കൂഹിക്കാമല്ലോ! വിശുദ്ധ പാദ്രേ പീയോ സമർപ്പിച്ചിരുന്ന വി. കുർബാനയിൽ പങ്കുകൊള്ളുവാൻ ഭക്തജനങ്ങൾ വെളുപ്പിനു നാലു മണി മുതൽ തന്റെ കപ്പൂച്ചിൻ ആശ്രമ ദേവാലയത്തിന്റെ ചാപ്പലിൽ വന്നു ക്യൂ നിന്നിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. നീണ്ടുനിൽക്കുന്ന ഫിലിമുകളും കളികളും കായിക മത്സരങ്ങളും കണ്ടിരിക്കാൻ നമ്മളാരും മടിയും പിശുക്കും കാണിക്കാറില്ല. അതിനൊക്കെ സമയം ധാരാളം. എന്നാൽ വി. കുർബാനയുടെ കാര്യത്തിൽ സമയത്തിനും പണത്തിനും അത്രക്കും ധാരാളമനസ്സു നമ്മൾ കാണിക്കാറുണ്ടോ? എത്രയും വേഗം വി. കുർബാന ചൊല്ലിത്തീർത്തു സ്ഥലം വിടാനുള്ള തത്രപ്പാടു കാണുമ്പോൾ എന്തിനാണീ ചടങ്ങ് എന്നു ചോദിച്ചു പോകും. ഏഴു മിനിറ്റുകൾക്കുള്ളിൽ പതിവായി വിശുദ്ധ കുർബാന തീർക്കുന്ന കാഴ്ച ഞാൻ നേരിട്ടു കണ്ടിട്ടുള്ളതാണ്. അത്യാവശ്യം പ്രമാണിച്ചു ചെയ്തതായിരിക്കുമെന്ന് ആദ്യത്തെ തവണ ഞാൻ കരുതി. പക്ഷേ, കുർബാനക്കു ശേഷം ഉടൻ ആ കാർമ്മികൻ പോയത് ഭക്ഷണശാലയിലേക്കാണെന്നു മാത്രമല്ല, അവിടെയിരുന്നു ധാരാളം സമയം സൊള്ളുകയായിരുന്നു. വിശുദ്ധ കുർബാനക്ക് ഏഴു മിനിറ്റ്; തമാശ പറഞ്ഞിരിക്കാൻ ഒരു മണിക്കൂർ! **Priority** ക്രമം വളരെ വ്യക്തം. ഉത്തരവാദപ്പെട്ട ജോലികൾ ചെയ്യാൻ നിയുക്തരാകുന്നവർ ഇത്തരം വ്യക്തികൾ ആണെങ്കിലോ? ഒന്നുകിൽ ബന്ധപ്പെട്ട അധികാരികൾ ഇതൊന്നും കാണുന്നില്ല, കണ്ടാൽ മനസ്സിലാകുന്നില്ല അഥവാ മനസ്സിലാക്കുന്നില്ല, മനസ്സിലായാൽ ഒന്നും പറയാൻ ധൈര്യപ്പെടുന്നില്ല.

**12. പിശുക്കു കാണിക്കാതെ.**

തന്റെ പീഡാനുഭവത്തിനു മുമ്പായി വളരെ വിലപിടിപ്പുള്ള സുഗന്ധ തൈലം കൊണ്ട് ഈശോയെ അഭിഷേകം ചെയ്ത സ്ത്രീയെ വിമർശിച്ചുകൊണ്ട്, എന്തുകൊണ്ട് ആ തൈലം വിറ്റു പാവങ്ങളെ സഹായിച്ചില്ലയെന്ന് യൂദാസു ചോദിച്ചപ്പോൾ ഈശോ അതിനുത്തരമായി അവളുടെ പ്രവൃത്തിയെ സന്തോഷപൂർവ്വം അംഗീകരിക്കയാണു ചെയ്തത് (യോഹ. 12:7). അതുപോലെത്തന്നെ, തന്റെ പെസഹാ ആചരിക്കാൻ വിരുന്നുശാല പ്രത്യേകം ഒരുക്കാനായി കർത്താവു ശിഷ്യന്മാരെ നിയോഗിച്ചയച്ചതായും നാം വായിക്കുന്നു (ലൂക്കാ 22:8-13; മർക്കോസ് 14:12-17). മനോഹരമായ ഭദ്രാസന ദേവാലയങ്ങളും (Cathedrals) മോടി പിടിപ്പിച്ച മറ്റു ദേവാലയങ്ങളും അതിലെ അലങ്കാരങ്ങളുമെല്ലാം ഈ ചൈതന്യത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. ഈ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് വി. ജോൺ പോൾ രണ്ടാമൻ പ്രത്യേകം എടുത്തുപറയുന്നുണ്ട്, ദിവ്യകാരുണ്യ നാഥനെ ബഹുമാനിക്കുന്ന കാര്യത്തിൽ തിരുസ്സഭ ഒരധികച്ചെലവിനെയും ഭയപ്പെട്ടില്ലായെന്ന്. (**"The church has feared no extravagance devoting the best of her resources to express her wonder and adoration before the unsurpassable gift of the Eucharist", Ecclesia de Eucharistia, 48).** എന്നുവച്ച് ചിലയിടങ്ങളിൽ കാണുന്നപോലെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു പണം ശേഖരിച്ച് വലിയ ആഡംബരമായി ദേവാലയങ്ങൾ നിർമ്മിക്കണമെന്നു വിവക്ഷിക്കുന്നില്ല! വിശുദ്ധ കുർബാനയുടെ കാര്യത്തിൽ അതിന്റെ ഔന്നത്യവും മാഹാത്മ്യവും നിലയും വിലയും കുറയത്തക്കതായിട്ടൊന്നും നമ്മൾ ചെയ്യരുത്. **Let us celebrate the holy Eucharist with dignity and decorum!** നമ്മൾ ധരിക്കുന്ന വസ്ത്രത്തിലും പ്രാർത്ഥനകൾ ചൊല്ലുന്ന രീതിയിലും


www.malankaralibrary.com

നമ്മുടെ ശരീരത്തിന്റെ ഭാഷയിലും (body language) നമുക്കതു വ്യക്തമാക്കാം. അനുവാദമില്ലാത്ത സ്വാതന്ത്ര്യമുപയോഗിച്ച് പ്രാർത്ഥനകൾ വിട്ടുകളയുകയോ, കൂട്ടുകയോ, തിരുകിക്കയറ്റുകയോ ചെയ്യുന്നതും വിശുദ്ധ കുർബാനയോടുള്ള ആദരവിനെതിരാണ്. വിശുദ്ധ കുർബാനയെന്നതു് അതർപ്പിക്കുന്ന കാർമ്മികന്റെ സ്വകാര്യ ഭക്തിയുടെയോ സ്വകാര്യ ദൈവശാസ്ത്രത്തിന്റെയോ വിഹാരരംഗമല്ല. സഭയുടെ ഔദ്യോഗിക പ്രാർത്ഥനയും ആരാധനയുമാണതു്. ദേശീയഗാനം, ബിരുദദാനച്ചടങ്ങ് (Convocation), ഭരണാധിപന്മാരുടെ സത്യപ്രതിജ്ഞ എന്നിങ്ങനെയുള്ള ഔദ്യോഗിക പരിപാടികളിൽ വള്ളിപുള്ളിമാറ്റം വരുത്താതെ, എല്ലാം കൃത്യമായും കണിശമായും പാലിക്കുന്ന രീതി അംഗീകരിക്കുവാൻ നമുക്കു പ്രയാസമില്ല. എന്നാൽ, സഭയുടെ ഏറ്റം പ്രധാനപ്പെട്ട ഔദ്യോഗിക ആരാധന ക്രമത്തിന്റെ കാര്യത്തിൽ എന്തു വേണമെങ്കിലും ചെയ്യാമെന്നുള്ള മനോഭാവം ചിലരെങ്കിലും പുലർത്തുന്നതു വേദനാജനകം തന്നെ! വിശുദ്ധ കുർബാനയോടുള്ള ബഹുമാനത്തിന്റെ കുറവായിട്ടു ഭക്തജനം ഇതിനെ വ്യാഖ്യാനിക്കുന്നതിലതിയശമില്ല. തന്നെയുമല്ലാ, ഇത്തരം അനധികൃത കൈ കടത്തലുകൾ മറ്റവസരങ്ങളിൽ സമൂഹബലിയിൽ സഹകാർമ്മികരായി സംബന്ധിക്കാൻ പലരെയും നിരുത്സാഹപ്പെടുത്തുന്നു. മദ്ബഹായും അൾത്താരയും അൾത്താര വിരികളും സക്രാരിയും തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും കുർബാനക്കുയോഗിക്കുന്ന പ്രാർത്ഥനാപ്പുസ്തകങ്ങളും മറ്റും വൃത്തിയുള്ളതും നല്ല ഗുണനിലവാരം പുലർത്തുന്നതുമായിരിക്കണം. അത് വലിയൊരു സാക്ഷ്യവുമാണ്. മറിച്ചു സംഭവിക്കുന്നതോ, എതിർ സാക്ഷ്യവും. ദേവാലയത്തിന്റെ ശില്പകലയും ദേവാലയസംഗീതവും ശബ്ദവെളിച്ച സംവിധാനങ്ങളും തിരുസ്വരൂപങ്ങളും ഛായാപടങ്ങളും വളരെ കാര്യമായി പരിഗണിക്കപ്പെടേണ്ടതും വേണ്ട വിധം പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്. വിശുദ്ധ കുർബാനയിലെ ഗാനങ്ങൾ ഗായകസംഘത്തിന്റെയോ, ഒരു വ്യക്തിയുടെയോ മാത്രം പ്രകടനമാകാതെ, സമൂഹത്തിന്റെ മുഴുവൻ പ്രാർത്ഥനയായി മാറുന്ന രീതിയിൽ ആലപിക്കപ്പെടുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുകയാണെങ്കിൽ വളരെ നന്നായിരിക്കും. അതിനുവേണ്ടി കുറച്ചു സമയം മാറ്റിവച്ച് ഒരുങ്ങുകയും ഒരുങ്ങുന്നതു പ്രോത്സാഹിപ്പിക്കയും ചെയ്താൽ സ്ഥിതിഗതികൾ കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയും. ഇക്കാര്യത്തിൽ ആഫിക്കൻ രാജ്യങ്ങളും പാശ്ചാത്യ രാജ്യങ്ങളും നമുക്കു മാതൃകകളാണ്. വാദ്യോപകരണങ്ങളുടെ ഒച്ചയിലും അതിപ്രസരത്തിലും ഗാനങ്ങളുടെ വാക്കുകൾ മുങ്ങിയും മങ്ങിയും പോകാതിരിക്കാനും സൂക്ഷിക്കേണ്ടതാണ്. സംഗീതോപകരണങ്ങൾ ഗാനങ്ങളെ accompany ചെയ്യാനുള്ളതാണെന്ന കാര്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നുണ്ട്. ചെവി പൊട്ടുന്ന രീതിയിൽ സ്വരം കൂട്ടിവച്ചുള്ള സംഗീതോപകരണങ്ങളുടെ അതിപ്രസരം നിറുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. പാട്ടു പാടുന്നയാളിന്റെ/ ആളുകളുടെ ഗാനവൈഭവം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തി പ്രശംസ കൈപ്പറ്റണം എന്ന മനോഭാവത്തോടെ കുർബാനപ്പാട്ടുകൾആലപിക്കുന്നത് നിർഭാഗ്യകരമാണ്. ചൊല്ലേണ്ട പ്രാർത്ഥനക്കു പകരം അതേ ആശയമുള്ള ഗാനം ആലപിക്കുന്നതിനു ശ്രദ്ധിക്കാതെ, പാട്ടുകാർ തങ്ങൾക്കിഷ്ടമുള്ള ഗാനം എടുത്ത് സൂഹത്തെ റാഞ്ചുകയോ (highjacking) മാറ്റിനിർത്തുകയോ ചെയ്യുന്ന രീതിയാണു പലേടത്തും. വിശുദ്ധ കുർബാനയുടെ ആഘോഷവും ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹവും കൂടുതൽ മെച്ചപ്പെടുത്താൻ ഇപ്പറഞ്ഞ കാര്യങ്ങളിൽ സൂക്ഷിക്കുന്നതു നന്നായിരിക്കും. ജനങ്ങൾ



www.malankaralibrary.com

വന്നിരിക്കുന്നത് ഗാനമേളയോ ഒരാളുടെ **solo** യോ കേൾക്കാനല്ല, പ്രാർത്ഥിക്കാനാണെന്നു ഗായകസംഘവും ഗായകരും മറക്കാതിരിക്കട്ടെ! മൈക്കു (**Mike**) കൈയിൽ ഉള്ളവർക്ക് എന്തും പറയാനും പാടാനുമുള്ള ലൈസൻസുണ്ടെന്ന വിചാരം തെറ്റാണ്.

**13. വി. കുർബാന ഒരു വിനോദ പരിപാടിയോ?**

വിശുദ്ധ കുർബാന ടെലിവിഷനിലെ "സീരിയൽ" പോലെയോ, സ്റ്റേജുകളിലെ വിനോദം പോലെയോ "രസകരം" (**interest-ing**) ആക്കിത്തീർക്കാൻ ചിലർ ശ്രമിക്കുന്നതായി കാണുന്നുണ്ട്. അത് ക്രൈസ്തവാരാധനയെപ്പറ്റിയുള്ള തെറ്റായ ധാരണ മൂലമാണ്. കാണികളെ രസിപ്പിക്കാനുള്ള ഒരു വിനോദ കലാ പരിപാടിയല്ല, വിശുദ്ധ കുർബാന. ബലിയർപ്പിക്കുന്ന പുരോഹിതൻ ഒരു **show master** ആയി സ്വയം കരുതുന്നതു മഠയത്തരമാണ്. വിശുദ്ധ കുർബാന ഈ ഭൂമിയിൽ നമുക്കർപ്പിക്കാവുന്ന ഏറ്റം ശ്രേഷ്ഠമായ ആരാധനയും ബലിയും പ്രാർത്ഥനയുമാണ്; കാരണം, അവിടെ ബലിയർപ്പിക്കുന്നതും ബലിയർപ്പിക്കപ്പെടുന്നതും ദൈവം തന്നെയാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ ഇതിൽപരം ആരാധനയും പ്രാർത്ഥനയും വേറെയില്ല. അതു വൈകാരികമായി തോന്നിയാലേ യഥാർത്ഥ അനുഭവമാകൂ എന്നു വിചാരിക്കുന്നവർ പലതരം വിദ്യകളിലൂടെ അങ്ങനെ ആക്കിത്തീർക്കാൻ പരിശ്രമിക്കുന്നു. അതുവഴി ഒരു കലാപരിപാടിയിലേക്കതിനെ തരം താഴ്ത്തുകയും ചെയ്യുന്നു. അങ്ങനെ രസകരം (**interesting**) ആക്കിയില്ലെങ്കിൽ വിശുദ്ധ കുർബാനക്കു കാണികൾ കുറഞ്ഞു പോകുമോ എന്ന ഭീതിയും കടന്നു കൂടുന്നു. വിശുദ്ധ കുർബാനയേക്കാൾ പ്രധാനം അതർപ്പിക്കുന്ന വൈദികനിലേക്കു തിരിയുന്നു. ഭക്തിയുള്ള കുർബാനയേക്കാൾ രസമുള്ള, അഥവ ആകർഷകമായ കുർബാനക്കാണപ്പോൾ **demand.** എന്ന് ഈ രസം കുറയുന്നുവോ അന്നുമുതൽ പരിപാടിക്കു കാണികളും കുറഞ്ഞുതുടങ്ങും. പക്ഷേ, വിശുദ്ധ കുർബാനയുടെ അർത്ഥവും അന്തസ്സത്തയും പ്രാധാന്യവും എന്താണെന്നും എന്തിലാണെന്നും ദൈവജനത്തെ മനസ്സിലാക്കിക്കൊടുത്താൽ കാര്യങ്ങളിൽ മാറ്റമുണ്ടാകാൻ ഇടയുണ്ട്. ഉദാഹരണത്തിന്, വിശുദ്ധ കുർബാനയിലെ പ്രതീകങ്ങളുടെ അർത്ഥം എന്താണെന്നു ദൈവജനത്തിനറിയാമോ, അഥവാ, പഠിപ്പിക്കേണ്ടവർ അവരെ പഠിപ്പിച്ചിട്ടുണ്ടോ?

**14. ആരാധനക്രമത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികത**

നമ്മുടെ ആദ്ധ്യാത്മികത ആരാധനാക്രമത്തിൽ അധിഷ്ഠിതമായിരിക്കണമെന്നാണു ശരിയായ ദൈവശാസ്ത്ര കാഴ്ചപ്പാട്. നൊവേനകളിലും വിശുദ്ധന്മാരോടുള്ള വണക്കത്തിലും കേന്ദ്രീകരിച്ചുള്ള **Popular devotions** നേക്കാൾ വിശുദ്ധ കുർബാനയെയും ആരാധനക്രമത്തെയും കേന്ദ്രീകരിച്ചുള്ള ആദ്ധ്യാത്മികത (**liturgical spirituality**) ക്കാണ് നമ്മൾ കൂടുതൽ പ്രാധാന്യം നൽകേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും. കാരണം, തിരുസ്സഭ അവളുടെ ജീവൻ സ്വീകരിക്കുന്നത് വിശുദ്ധ കുർബാനയിൽ നിന്നാണ് (**Pope John Paul II, Ecclesia de Eucharistia, 1**). ക്രൈസ്തവ ജീവിതത്തിന്റെ സ്രോതസ്സും പാരമ്യവും വിശുദ്ധ കുർബാനയാണെന്നു സഭ പഠിപ്പിക്കുന്നു (രണ്ടാം വത്തിക്കാൻ കൗൺസിൽ, **Lumen Gentium, 11**). ഈശോയുടെ തിരുശ്ശരീരരക്തങ്ങൾ നമ്മൾ സ്വീകരിക്കുമ്പോൾ അവിടുത്തെ പരിശുദ്ധാരൂപിയെയും നമ്മൾ സ്വീകരിക്കുന്നു. "പരിശുദ്ധാത്മാവിന്റെ കിന്നര"



www.malankaralibrary.com

മെന്നറിയപ്പെടുന്ന (**Harp of the Holy Spirit**) വി. അപ്രേം ഇപ്രകാരം പറയുന്നു: "അവിടുന്ന് അപ്പത്തെ തന്റെ ശരീരമെന്നു വിളിക്കുകയും അതിനെ തന്നെക്കൊണ്ടും തന്റെ ആത്മാവിനെക്കൊണ്ടും പൂരിതമാക്കുകയും ചെയ്തു. വിശ്വാസത്തോടെ അതു സ്വീകരിക്കുന്നവർ അഗ്നിയും അരൂപിയും സ്വീകരിക്കുന്നു. അതെടുത്തു ഭക്ഷിക്കുവിൻ, അതോടൊപ്പം പരിശുദ്ധാത്മാവിനെയും". അങ്ങനെ ഭക്ഷിക്കുന്നവർക്കു നിത്യജീവൻ ലഭിക്കുമെന്നു കർത്താവുതന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട്. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസു പറയുന്നു: "വിശുദ്ധ കുർബാനയിലെ അപ്പം മരണമില്ലായ്മയുടെ ഔഷധമാണ്, മരണത്തിനെതിരെയുള്ള മറുമരുന്ന്", (**Medicine of immortality, antidote to death**).

**15. എല്ലാവരുമായുള്ളഐക്യം**

വിശുദ്ധ കുർബാനയിലെ ഒരു പ്രധാന ഘടകമാണു **Holy communion.** തിരുശ്ശരീര രക്തങ്ങളുടെ സ്വീകരണം എന്നതിനു പുറമെ, അതിനുമുപരിയായി, വിശുദ്ധമായൊരു ഐക്യം എന്നാണിതിനർത്ഥം. വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ ഈശോയുമായുണ്ടാകുന്ന ഐക്യം വഴി മറ്റുള്ളവരോടും പ്രപഞ്ചത്തോടു മുഴുവനും നമ്മൾ ഒന്നിച്ചു ചേരുകയാണ്. മഹത്തായൊരു ബന്ധവും ഒരുമയുമാണിത്. വിശുദ്ധ കുർബാന സ്വീകരണത്തിന് അത്ര വലിയ വ്യാപ്തിയും ആഴവുമുണ്ടു്. ത്രിയേകദൈവവും സ്വർഗ്ഗനിവാസികളും തിരുസ്സഭയിലെ മറ്റു വിശ്വാസികളുമായുണ്ടാകുന്ന ആ ബന്ധം ഒരു വിശുദ്ധ സംസർഗ്ഗം (**holy communion**) തന്നെയാണ്. ഒറ്റക്കാണെന്ന വിഷാദ വിചാരം നമ്മെ അലട്ടുമ്പോൾ ഇക്കാര്യം നമുക്കോർക്കാം. വിശുദ്ധ കുർബാനയുടെ ആഘോഷവേളയിൽത്തന്നെ നമ്മളീബന്ധം പ്രാർത്ഥനകളിലൂടെ പ്രകടിപ്പിക്കയും സൂചിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. സ്വർഗ്ഗത്തിന്റെ ഭൗമീക ദർശനമായി വിശുദ്ധ കുർബാനയെ കാണാവുന്നതാണ്. കാരണം, വിശുദ്ധ കുർബാന യഥാർത്ഥത്തിൽ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സ്വർഗ്ഗീയ പ്രകാശമാണ്. സ്വർഗ്ഗീയ ജറുസലേമിൽ നിന്നു നമ്മുടെ ചരിത്രത്തിന്റെ കാർമേഘങ്ങളിലേക്കു തുളച്ചുകയറുന്ന മഹത്വപൂർണ്ണമായൊരു പ്രകാശ രശ്മിയാണതു്. നമ്മുടെ ഈ ലോക യാത്രയെ അതു പ്രകാശിപ്പിക്കുന്നു (**Ecclesia de eucharistia, 19**). ദിവ്യകാരുണ്യനാഥനെ സ്വീകരിക്കുന്നതു മൂലം, അവിടുത്തെ കൈക്കൊള്ളുന്നതുവഴി, ഉൾക്കൊള്ളുന്നതു വഴി, നമ്മൾ ഈശോയുമായി ഐക്യപ്പെടുമ്പോൾ ഈശോ നമ്മിലും നമ്മൾ ഈശോയിലും ആയിത്തീരുന്നു (യോഹ **15:4**). ഇതൊരു ആദ്ധ്യാത്മിക ഒന്നു ചേരലാണ്, **spiritual union and communion!** വെളിപാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (**3:20**). മുമ്പു സൂചിപ്പിച്ചതുപോലെ, ഈ **Holy Communion** വഴി നാം സ്രഷ്ടാവായ ദൈവമായിട്ടു മാത്രമല്ല, ഈ ലോകവുമായിട്ടും സകലസൃഷ്ടികളുമായിട്ടും ഐക്യപ്പെടുന്നുണ്ടു്. ഈ ലോകത്തോടുള്ള നമ്മുടെ കടമയും ഉത്തരവാദിത്വവും ഇതു നമ്മെ അവബോധരാക്കുന്നു. ഈ ലോകത്തിന്റെയും പൗരന്മാരെന്ന നിലയിൽ നാമതിനെ കെട്ടിപ്പടുക്കാനും കൂടുതൽ മാനുഷികമാക്കാനും ദൈവികമാക്കാനും ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് ക്രമീകരിക്കാനും കടപ്പെട്ടവരാണ്. വിശുദ്ധ കുർബാന



www.malankaralibrary.com

നമ്മെ അതിന് ഉത്തേജിപ്പിക്കയും സഹായിക്കയും ചെയ്യുന്നു. അതു വഴി ഭൂമിയിൽ സ്നേഹവും നീതിയും സമാധാനവും **solidarity** യും **harmony** യും കൈവരുത്താൻ നമുക്കു സാധിക്കട്ടെ!

**16. ക്രൈസ്തവ പൗരോഹിത്യം**

വിശുദ്ധ കുർബാനയെപ്പറ്റി പ്രതിപാദിക്കുമ്പോൾ ക്രൈസ്തവ പൗരോഹിത്യത്തെപ്പറ്റിയും പറയേണ്ടതുണ്ട്. എത്ര സമുന്നതമായൊരു വിളിയും പദവിയുമാണു പാപിയും ബലഹീനനുമായ മനുഷ്യനു ദൈവം നല്കിയിരിക്കുന്നത്! തന്റെ നാമത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കാനും പാപമോചനം നൽകുവാനുമുള്ള അധികാരം! ഓരോ തവണയും ഈശോയെ വിളിച്ചു വരുത്താനുള്ള ആനുകൂല്യം! ആരുടെയും യോഗ്യത കണക്കാക്കിയല്ല, ദൈവത്തിന്റെ സ്നേഹവും കരുണയും കൊണ്ടു മാത്രമാണ് ഇങ്ങനെയൊരു സംവിധാനം ഉണ്ടായത്. "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയമായി ഈ ബഹുമതി ഏറ്റെടുക്കുകയല്ല" (ഹെബ്രാ 5:4). പൗരോഹിത്യമെന്നത് അവകാശവാദമുയർത്തി നേടിയെടുക്കാനുള്ള ഒരു പദവിയല്ല എന്നു സാരം. അതു സ്വീകരിക്കുന്നവരോ തങ്ങൾക്കുവേണ്ടിയല്ല അതു സ്വീകരിക്കുന്നതും. ലോകത്തിന്റെ "പാപമോചനത്തിനായി വിഭജിക്കപ്പെടുന്ന" തന്റെ ശരീരമെന്നും "ചിന്തപ്പെടുന്ന" തന്റെ രക്തമെന്നും അരുളിച്ചെയ്ത മഹാപുരോഹിതനായ ഈശോയുടെ പുരോഹിതരാകുന്നവർ അവിടുത്തെപ്പോലെത്തന്നെ അയക്കപ്പെട്ടവരും ബലിയർപ്പിക്കപ്പെടേണ്ടവരും ആണെന്നു വിസ്മരിക്കരുതു്. അധികാരം കയ്യടക്കുന്നതിനും സമൂഹത്തിൽ സ്ഥാനം ലഭിക്കുന്നതിനും ഉപജീവനമാർഗ്ഗം ഉറപ്പിക്കുന്നതിനുമുള്ള ഒരു തൊഴിലായി പൗരോഹിത്യത്തെ കാണുന്നത് നിർഭാഗ്യകരമാണ്. അതങ്ങനെയല്ലയെന്നു കാണിച്ചു കൊടുക്കേണ്ടതു പുരോഹിതരുടെ കടമയുമാണ്. ദൈവത്തിന്റെ വിളിക്കനുസരിച്ച് പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തിനും അന്തസ്സിനും കോട്ടമേല്പിക്കാതെ, വിളിച്ചവനോടുള്ള വിശ്വസ്തത പാലിച്ചുകൊണ്ട് ലോകത്തിന്റെ വിശുദ്ധീകരണത്തിനായി, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരായി, സുവിശേഷമേകാനും സുവിശേഷമാകാനും, കർത്താവീശോമിശിഹായെ ലോകമെങ്ങും പ്രഘോഷിക്കുവാൻ മിശിഹായുടെ പുരോഹിതർ ഇറങ്ങിത്തിരിക്കട്ടെ. വിശുദ്ധ കുർബാനയെ ഇംഗ്ലീഷിൽ **Holy Eucharist** എന്നു പറയാറുണ്ടല്ലോ. **Eucharistia** എന്ന ഗ്രീക്കു മൂലപദത്തിന്റെ അർത്ഥം നന്ദിപ്രകാശനം എന്നാണ്. വിശുദ്ധ പൗലോസു ശ്ലീഹാ പറയുന്നതുപോലെ, ദാനമായി സ്വീകരിക്കാത്തതായി നമുക്കെന്തുണ്ട്? (1 കോറി 4:7). എല്ലാറ്റിനും നമ്മൾ നന്ദിയുള്ളവരാകേണ്ടതാണ്. ഈശോയുടെ ജീവിതത്തിൽ പിതാവിനോടുള്ള നന്ദിപറയൽ നാം പലപ്പോഴും കാണുന്നുണ്ട്. അന്ത്യഅത്താഴവേളയിൽ തന്റെ പെസഹാ ആചരിച്ചപ്പോൾ പിതാവിനോടുള്ള കൃതജ്ഞതാ സ്തോത്രത്തിന്റെ പശ്ചാത്തലത്തിലാണു മിശിഹാ വിശുദ്ധ കുർബാന സ്ഥാപിക്കുന്നത്. മിശിഹാവഴി പിതാവു നമുക്കു നൽകിയ മഹാദാനങ്ങൾക്കു നന്ദിപറയുകയെന്നതു ദിവ്യബലിയർപ്പണത്തിന്റെ കാതലായ ഘടകമാണ്. ഈ നന്ദിപ്രകടനം ദേവാലയത്തിൽ മാത്രം ഒതുങ്ങിനിൽക്കാതെ ജീവിതം മുഴുവനും ഉണ്ടാകേണ്ട മനോഭാവവുമാണ്.

വിശുദ്ധ കുർബാനയുടെ തിരുനാൾ ദിവസം പാശ്ചാത്യ രാജ്യങ്ങളിൽ പലസ്ഥലങ്ങളിലും ആഘോഷമായി ദിവ്യകാരുണ്യനാഥനെ പ്രദക്ഷിണത്തിൽ തെരുവുകളിലൂടെ


www.malankaralibrary.com

എഴുന്നെള്ളിച്ചു കൊണ്ടുപോകാറുണ്ട്. അതുപോലെ, നമുക്കും ഈശോയെ നമ്മുടെ ജീവിതയാത്രയിലെ എല്ലാ വഴികളിലും ഇടവഴികളിലും കൂടെ ഹൃദയമാകുന്ന അരുളിക്കായിൽ (monstrance ൽ) വച്ച് ജീവിതപാഥയിലൂടെ പ്രദക്ഷിണമായി കൊണ്ടുപോകാം; അങ്ങനെ നമ്മുടെ വിശ്വാസവും സ്നേഹവും പ്രകടിപ്പിക്കാം.

കർത്താവിന്റെ പെസഹാരഹസ്യത്തിൽ അവിടുത്തെ പീഡാസഹനവും മരണവും മാത്രമല്ല, ഉത്ഥാനവും ഉൾപ്പെടുന്നുണ്ട്. വി. കുർബാനയിൽ നടക്കുന്ന രൂപാന്തരീകരണം വരാനിരിക്കുന്ന ഉത്ഥാനത്തിന്റെയും രൂപാന്തരീകരണത്തിന്റെയും അച്ചാരവും മുന്നാസ്വാദനവുമാണ്. ശ്രേഷ്ഠപുരോഹിതനായ മിശിഹാ സ്വയം ബലിയർപ്പിച്ചതു പോലെ, അവിടുത്തെ പൗരോഹിത്യത്തിൽ മാമ്മോദീസാ വഴിയും ശുശ്രൂഷാ പൗരോഹിത്യം വഴിയും പങ്കുചേരുന്ന നമുക്ക് അവിടുത്തെപ്പോലെ, നമ്മൾ മുറിക്കുന്ന അപ്പം പോലെ, ദൈവമഹത്വത്തിനായി, മറ്റുള്ളവർക്കായി മുറിക്കപ്പെട്ട്, അവിടുത്തെ മഹത്വത്തിലേക്കു പ്രവേശിക്കാം. ലോകത്തിന്റെ പാപങ്ങൾ സ്വയം ഏറ്റെടുത്തു കൊണ്ട് പകരക്കാരനായി, ദൈവത്തിന്റെ സഹനദാസനായി ബലിയർപ്പിക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടാണല്ലോ ഈശോ. ഈ നിത്യപുരോഹിതന്റെ സഹകാർമ്മികരാണ് ക്രൈസ്തവ പുരോഹിതർ. മറ്റുള്ളവർക്കുവേണ്ടി നിലകൊള്ളുന്ന സ്നേഹത്തിന്റെയും എളിമയുടെയും സേവനത്തിന്റെയും ആ മനോഭാവമാണു നമുക്കു പുരോഹിതന്മാർക്കുണ്ടാകേണ്ടത്. മറ്റുള്ളവർക്കു വേണ്ടിമാത്രമല്ല, അവരോടുകൂടെയും ആയിരിക്കാൻ നമുക്കു ശ്രദ്ധിക്കാം. വിശുദ്ധ കുർബാന അർപ്പിക്കുന്നവർ കുർബാനയാകാനും കൂടി വിളിക്കപ്പെട്ടവരാണെന്നു നമുക്കോർക്കാം.അങ്ങനെ ആകുന്നതിന്റെ പ്രതിദിന പ്രകടനങ്ങളാകണം നമ്മുടെ പ്രവൃത്തികൾ. സ്നേഹം, ത്യാഗം, പരിത്യാഗം, സഹനം, പ്രാർത്ഥന, എളിമ, ക്ഷമിക്കാനും, അനുരഞ്ജനത്തിനുമുള്ള സന്നദ്ധത, മറ്റുള്ളവരെ സഹായിക്കാനുള്ള സന്മനസ്സ്, ഇവയൊക്കയാണിതിന്റെ അടയാളങ്ങൾ. ദിവസംതോറും കർത്താവിന്റെ ബലിയർപ്പിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുന്നവർക്കിടയിൽ സ്നേഹവും പരസ്പര ബഹുമാനവും ഉപവിയുമില്ലായെന്നു വന്നാൽ അതിലെന്തോ തകരാറുണ്ടു്. അങ്ങനെയുള്ള ജീവിതം വലിയ വൈരുദ്ധ്യവും നുണയുമാണ്. ആചാരാനുഷ്ഠാനങ്ങൾ പൊള്ളയാണെന്നുള്ളതിന്റെ ലക്ഷണമാണത്. മതാത്മകതയും ആദ്ധ്യാത്മികതയും (religiosity and spirituality) തമ്മിലുള്ള വ്യത്യാസം ഇവിടെ സ്പഷ്ടമാകുന്നു. നമ്മുടെ ജീവിതമാണ് നമ്മുടെ പ്രാർത്ഥനയുടെ litmus test. കുറേ പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടിയതുകൊണ്ടായില്ല, നമ്മൾ അർപ്പിക്കുന്ന ബലി നമ്മൾ ആകണം.

### 17. പ്രാർത്ഥനയുടെ മനുഷ്യർ

പ്രാർത്ഥനയുടെ മനുഷ്യരും പ്രാർത്ഥനകളുടെ മനുഷ്യരും തമ്മിൽ വ്യത്യാസമുണ്ട്. ജീവിതം മുഴുവനും ഒരു പ്രാർത്ഥനയായി സദാ ദൈവസാന്നിദ്ധ്യസ്മരണയിൽ ജീവിക്കുന്നവരാണ് പ്രാത്ഥനയുടെ മനുഷ്യർ. അർപ്പിക്കുന്ന ദിവ്യബലി ജീവിക്കുന്നവർ. ജീവിക്കുന്ന ബലി മിശിഹായുടെ ബലിയോടു ചേർത്തു് അർപ്പിക്കുന്നവർ. ദേവാലയത്തിനകത്തും പുറത്തും അവരുടെ ജീവിതം ഒന്നുതന്നെ! ഞായറാഴ്ചയും മറ്റു ദിവസങ്ങളിലും അവർ ക്രൈസ്തവർ തന്നെ. പള്ളിയിലും പള്ളിക്കു പുറത്തും വിശുദ്ധ കുർബാന അർപ്പിക്കുമ്പോഴും അതിനു



www.malankaralibrary.com

ശേഷവും അവർ പുരോഹിതർ തന്നെ. സമയബന്ധിതമായ പൗരോഹിത്യമോ, സന്ന്യാസമോ അല്ല, അവരുടേത്. **Office time** ലും അല്ലാത്തപ്പോഴും അവരങ്ങനെത്തന്നെ. പ്രാർത്ഥനകളുടെ മനുഷ്യർ കുറേ ജപ നമസ്കാരങ്ങളിൽ സംതൃപ്തി കണ്ടെത്തി കാര്യങ്ങൾ അതു കൊണ്ടവസാനിപ്പിക്കുന്നു. ബലിയർപ്പണത്തെക്കാളും ബലിജീവിതത്തെക്കാളുമുപരി ധാരാളം /പ്രാർത്ഥനകൾ ചൊല്ലുന്നതിലായിരിക്കും അവരുടെ ശ്രദ്ധയും താല്പര്യവും. മതാത്മകതയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന അവർ മതാനുഷ്ഠാനങ്ങൾ കണിശമായിട്ടാചരിക്കും; ആദ്ധ്യാത്മികത മറന്നും പോകും. നല്ല സമറിയാക്കാരന്റെ ഉപമയിലൂടെ (ലൂക്കാ. 10) കർത്താവു നമ്മോടുപദേശിക്കുന്നത് ആദ്ധ്യാത്മികതയുള്ളവരാകാനാണ്. മതാനുഷ്ഠാനങ്ങൾ ഉപേക്ഷിക്കണമെന്നല്ല, അവ സത്യത്തിലും അരൂപിയിലുമുള്ള ആരാധനയാകണമെന്നാണ് കർത്താവിന്റെ ഇഷ്ടം (യോഹ. 4:24).

**18. അത്ഭുതം പ്രവർത്തിക്കുന്ന വി. കുർബാന.**

ഈശോയുടെ തിരുശരീരത്തിന്റെ യഥാർത്ഥ ആന്തരിക ശക്തിയെപ്പറ്റി നമുക്കല്പമൊരു ജ്ഞാനം ഉണ്ടാക്കാനായി കർത്താവു തന്നെ ഇടപെടുന്നതിന്റെ അടയാളമാണു താഴെക്കൊടുത്തിരിക്കുന്ന അത്ഭുതങ്ങൾ. ഇറ്റലിയിൽ ഫൊലിഞ്ഞോയിലെ (**Foligno**) ഒരു ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായിരുന്ന വിശുദ്ധ ആൻജെലാ (1248-1309) പതിമൂന്നു കൊല്ലം ഭക്ഷണമില്ലാതെ വി. കുർബാന മാത്രം സ്വീകരിച്ചു ജീവിച്ചു. ഇറ്റലിയിലെത്തന്നെ സീയെനായിലെ വിശുദ്ധ കത്രീന (1347-1380) എട്ടു കൊല്ലത്തോളം ഇതുപോലെ ജീവിച്ചവളാണ്. **Ecuador** ന്റെ മദ്ധ്യസ്ഥയായ **Quito** യിലെ വിശുദ്ധ മറിയാനാ (1618-1645) യും തന്റെ അവസാനത്തെ ആറു കൊല്ലം വിശുദ്ധ കുർബ്ബാന കൊണ്ടു മാത്രമാണു ജിവിച്ചത്. ജർമ്മനിയിലെ വാഴ്ത്തപ്പെട്ട അന്നാ കത്രീന എമ്മറിക്ക് (1774-1824) 1812 മുതൽ മരണം വരെ ഇതുപോലെയാണു ജീവിച്ചതും!

**18. പ്രാർത്ഥന**

വിശുദ്ധ തോമസ് അക്വൈനസ്സിനോടൊത്തു നമുക്കാലപിച്ചു പ്രാർത്ഥിക്കാം: **"Down in adoration falling, Lo! the Sacred Host we hail... Deity deeply hidden, I pray close to you. You are truly here among these signs.... Your deity's glory shrouded itself on the cross, Your humanity also completely hidden here. My faith sees both in the bread here. Like the thief I call Lord, for mercy to you".**

വിശുദ്ധ കുർബാനക്കുശേഷം നമ്മൾ ചൊല്ലാറുള്ള വൈദികർക്കു വേണ്ടിയുള്ള വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രാർത്ഥനയിൽ പറയുന്നതുപോലെ, നിത്യപുരോഹിതനായ ഈശോ തന്റെ വൈദികരെ എല്ലാ അപകടങ്ങളിൽ നിന്നു കാത്തുസംരക്ഷിക്കട്ടെ! വൈദികരുടെ രാജ്ഞിയും അമ്മയുമായ പ. കന്യകാമറിയം നമുക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കട്ടെ!


www.malankaralibrary.com